കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2020 മാർച്ച്
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





**കണക്കിലെ കുസൃതികൾ**
(ശാസ്ത്രം)
**പള്ളിയറ ശ്രീധരൻ**
വില ₹35



**നിന്റെ ഇഷ്ടങ്ങൾ; എന്റെയും...**
**പുനരാഖ്യാനം: വിജേന്ദ്രലാൽ വിദ്യാധരൻ**
വില ₹50





**ബൈബിൾ കഥകൾ**
**പുനരാഖ്യാനം: എൻ എസ് ഐസക്**
വില ₹120




**കൗണ്ട് ഓഫ് മോന്റിക്രിസ്റ്റോ**
(പുനരാഖ്യാനം)
**ജോളി വർഗീസ്**
വില ₹90




**ഓക്സിജന്റെ ആത്മകഥ**
(ശാസ്ത്രം)
**ഡോ. ആറന്മുള ഹരിഹരപുത്രൻ**
വില ₹50





**ബോധ്ഗയയിലൂടെ**
(വൈജ്ഞാനികം)
**സെബാസ്റ്റ്യൻ പള്ളിത്തോട്**
വില ₹70




**റേഡിയത്തിന്റെ അമ്മ**
(ജീവചരിത്രം)
**ഡോ. ടി ആർ ശങ്കുണ്ണി**
വില ₹85




**ശ്രീനുമോളുടെ ലോകം**
(കഥ)
**നാസർ കക്കട്ടിൽ**
വില ₹60




**അന്യം നിൽക്കുന്ന ജീവികൾ**
(ശാസ്ത്രം)
**എസ് ശാന്തി**
വില ₹160




**കടങ്കവിതകൾ**
(കവിത)
**മധു ആലപ്പടമ്പ്**
വില ₹80




**എന്റെ ദോശ നല്ല ദോശ**
(കഥ)
**പ്രേമജ ഹരീന്ദ്രൻ**
വില ₹60

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471-233 3790,
e-mail : director@ksicl.org

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**മാർച്ച് 2020**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**


## ഉള്ളടക്കം

## വരൂ... അപ്പുനൊപ്പം ഒരിടത്തേക്ക്!

**റെനി ആർ പിള്ള**

6

വന്യജീവികളെയും സസ്യങ്ങളെയും സംരക്ഷിക്കാനായി ഐക്യരാഷ്ട്ര സംഘടനയുടെ ജനറൽ അസംബ്ലി 2013 മുതൽ മാർച്ച് 3 ലോക വന്യജീവി ദിനമായി ആചരിച്ചുവരുന്നു. 'Sustaining all life on Earth' എന്നതാണ് 2020 ലെ പ്രമേയം.



## പുതിയ കൊറോണ വൈറസ് രോഗം - തടയാം ശുചിത്വത്തിലൂടെ

12

**ഡോ. ബി പത്മകുമാർ**



നിപ വൈറസിനു ശേഷം നാം ഭീതിയോടെ നോക്കിക്കാണുകയാണ് കൊറോണ വൈറസിനെ. ഇതിനെ ഭയക്കേണ്ടതുണ്ടോ? ഒരായിരം സംശയം കാണും കൂട്ടുകാർക്ക്. അതേക്കുറിച്ച് കൂടുതൽ അറിയാം ഈ ലേഖനത്തിലൂടെ...

## പട്ടുപാവാട

**രാജേശ്വരി തോന്നയ്ക്കൽ**

14

സുഗതകുമാരി എഴുതിയ 'പട്ടുപാവാട' എന്ന കവിതയെ ആസ്പദമാക്കി തയ്യാറാക്കിയ കഥാപ്രസംഗം.




**മുൻമൊഴി**.................................4
സുഗതകുമാരി.

**ആനക്കാര്യം**.................................5
എൻ ടി രാജീവ്

**കവിതാപരിചയം**.................................18

**സ്കൂൾഡെയ്സ്**.................................19

**5 കുഞ്ഞിക്കഥകൾ**.................................20
ഉമ തൃദീപ്

**കണ്ടുവോ?**.................................23
രാജു പാമ്പാടി

**ഹൃദയത്തിന്റെ ആകൃതിയുള്ള ബലൂണുകൾ**.................................24
പ്രേമജ ഹരീന്ദ്രൻ

**വെട്ടം**.................................26
സിന്ധു എൻ പി

**മലയാളംമിഷൻ രചനകൾ**.................................27

**അവൾ വന്നു**.................................31
കാപ്പിൽ ഗോപിനാഥൻ

**ടോം സോയറുടെ സാഹസിക ജീവിതം**.................................32
പുനരാഖ്യാനം : ജോളി വർഗീസ്

**മിന്നികൾ**.................................35
കെ എൻ സുരേഷ്കുമാർ

**ദശപുഷ്പങ്ങൾ**.................................36
വി യു രാധാകൃഷ്ണൻ

**ബാല്യം**.................................41
രമ

**മഴയും പുഴയും**.................................41
ലതീഷ് കീഴല്ലൂർ

**ദശപുഷ്പ മുഖദർശനം**.................................42
മീര പുഷ്പരാജൻ

**കടപയാദി**.................................44
പള്ളിയറ ശ്രീധരൻ

**ആമ്പലിന്റെ ദുഃഖം**.................................45
മനോജ് മണിയൂർ

**മഹാഭാരതം**.................................46

**ഇളംതളിര്**.................................48

**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ**.................................50



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ബോബി എം പ്രഭ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾ പാഠപുസ്തകങ്ങളിൽ നിന്നും മൊബൈലിൽ നിന്നും മുഖമുയർത്തി ചുറ്റിലും ഒന്നു നോക്കുക. എന്തെല്ലാം കാണാനുണ്ടെന്നോ! ഞാനീപ്പറയുന്നതും പ്രകൃതിയെപ്പറ്റിയാണ്, പച്ചപ്പിനെപ്പറ്റിയാണ്. ഒരു നാടകം തന്നെ പലപ്പോഴും നിങ്ങൾക്കവിടെ കണ്ടുരസിക്കാൻ സാധിക്കും.

ഇന്നലെയുണ്ടായ ഒരു അനുഭവം പറയട്ടെ. ഞങ്ങളുടെ വീടിനും തൊട്ടടുത്തുള്ള എന്റെ തറവാടുവീടിനും ചുറ്റും ധാരാളം ചെടികളും മരങ്ങളുമുണ്ട്. പരിഷ്കൃതമായ ഒരു തോട്ടമൊന്നുമല്ല. വെറുതെ തനിയേ കിളിച്ചുവന്ന ഒട്ടേറെ ചെറുചെടികളും കുറ്റിച്ചെടികളും തെങ്ങും പ്ലാവും മാവും പുളിഞ്ചിയും മറ്റെന്തെല്ലാമോ അവിടെ സ്വേച്ഛപോലെ തഴച്ചു വളരുന്നുണ്ട്. നട്ടുപിടിപ്പിച്ചവ വേറെയും. ഇന്നലെ ഒരു മൂന്നര മണിക്ക് ഞാൻ ഞങ്ങളുടെ വരാന്തയിൽ വെറുതേ വെളിയിലേക്കു നോക്കിയിരിക്കുകയാണ്. പല



വര: സുധീർ പി വൈ


തരം പക്ഷികളുടെയും അണ്ണാന്റെയും ശബ്ദം കേൾക്കാം. കാക്കക്കലമ്പൽ വേറെയും. തെക്കേ മുറ്റത്തെ മരമുല്ല മൊട്ടിട്ടു തുടങ്ങിയിരിക്കുന്നു. തെങ്ങിൻ ചുവട്ടിലെ ഇലക്കീരപ്പടർപ്പിൽ മൂന്നു വെളുത്ത ശലഭങ്ങൾ തമ്മിൽ വഴക്കുകൂടുന്ന പോലെ മുട്ടിപ്പറക്കുകയും അകലുകയും ഒക്കെ തകൃതിയായി നടത്തുന്നുണ്ട്. ഒരു അണ്ണാൻ മാങ്കൊമ്പിലിരുന്ന് ഇതുകണ്ട് 'ചെര! ചെര!' എന്നു ചിലയ്ക്കുന്നു. ഇതിനിടയിൽ ഞാനൊരു രസകരമായ കാഴ്ചകണ്ടു.

ഒരു കുഞ്ഞുകീരി വേഗത്തിൽ നടന്നുവരികയാണ്. ഞാനിരിക്കുന്നതിനും കുറച്ചപ്പുറമെത്തിയപ്പോഴാണ് അവൻ എന്നെ കണ്ടത്. ഒന്നു ഞെട്ടി അവിടെത്തന്നെ നിന്ന് എന്നെ നോക്കി.

"എന്തൊരു ജന്തുവിതെന്തിനു വന്നതും?" എന്ന് രാമായണത്തിൽ പറയുംപോലെ എന്നെക്കണ്ട് അന്തംവിട്ടു നോക്കി നിന്നിട്ട് അതിവേഗം തിരിഞ്ഞൊരോട്ടം! പാവം പേടിച്ചുപോയി! അവിടെ തീർന്നില്ല. ഞാനിതൊക്കെക്കണ്ട് രസിച്ച് അങ്ങനെയിരിക്കുമ്പോൾ അതാ വരുന്നു കുഞ്ഞുകീരി വീണ്ടും! തനിച്ചല്ല, കൂടെയൊരു വലിയ കീരിയുമുണ്ട്. തള്ളക്കീരിയാവാം. ആദ്യം എന്നെക്കണ്ട സ്ഥലത്തുതന്നെ വന്ന് അവൻ നിന്നു. രണ്ടുകാലിൽ കുത്തിയിരുന്ന് മുൻകാലുകൾ മടക്കിപ്പിടിച്ച് കുരങ്ങന്മാരെപ്പോലെ ഒരിരുപ്പ്. അമ്മയെ കാണിച്ചുകൊടുത്തുക്കാണും. ഞാനെന്ന ഭീകരരൂപത്തെ. തള്ളക്കീരി അനങ്ങാതെ നിന്ന് എന്നെ സൂക്ഷിച്ചുനോക്കി. ഒരു രണ്ടുമിനിട്ട്! എന്നിട്ട് 'പോടാ, ഇതിനെയോ നീ പേടിച്ചത്!' എന്നു പുച്ഛഭാവത്തിൽ ഒരു പോക്ക്! ഞാൻ പൊട്ടിച്ചിരിച്ചുപോയി. അപ്പോൾ അണ്ണാൻ 'ചരിൽ ചരിൽ' എന്നൊരു ശബ്ദമുണ്ടാക്കി. 'സൂക്ഷിച്ചോളിൻ, മനുഷ്യനുണ്ടടുത്ത്!' എന്നാവാം ആ സൂചന. പെട്ടെന്ന് കിളികളും കാക്കകൾ പോലും നിശ്ശബ്ദരായി. കുറച്ചു കഴിഞ്ഞു വീണ്ടും പഴയ ശബ്ദങ്ങൾ കേട്ടുതുടങ്ങി. 'കുഴപ്പമൊന്നുമില്ല' എന്ന് ആദ്യം വിളിച്ചു പറഞ്ഞത് കാക്കകളാണ്.

ഇങ്ങനെ എന്തൊക്കെ കാണാം ചുറ്റും നോക്കിയാൽ. നിങ്ങളുടെ മൊബൈലിൽ മാത്രമല്ല വിശേഷങ്ങൾ, ചുറ്റിലുമുണ്ട്. അവയൊക്കെ നോക്കിക്കണ്ട് ആസ്വദിക്കാൻ നിങ്ങൾക്കു കഴിയട്ടെ.

പ്രാർഥനയോടെ,
**സുഗതകുമാരി**






# വരൂ... അപ്പൂനൊപ്പം ഒരിടത്തേക്ക്!

റെനി ആർ പിള്ള

മാർച്ച് 3 ലോക വന്യജീവിദിനമാണ്. "ഭൂമിയിലെ എല്ലാ ജീവന്റെയും നിലനിൽപ്പ്" അഥവാ Sustaining all life on Earth എന്നതാണ് ഇക്കൊല്ലത്തെ വന്യജീവി ദിനത്തിന്റെ വിഷയം. അതിന്റെ അർഥം ജീവിതത്തിൽ പകർത്താൻ ഇതാ ഒരു കാടുകാണൽ യാത്ര.

അടുക്കളയിൽ പഞ്ചസാരപ്പാത്രം ലാക്കാക്കി വരിവരിയായി പോകുന്ന ഉറുമ്പുകളെ നോക്കിയിരുന്ന അപ്പൂനെ അമ്മേടെ നീട്ടിയ വിളി ഞെട്ടിയുണർത്തി.

''എത്ര നേരായി അപ്പൂ ഈ ഇരുപ്പ് തുടങ്ങീട്ട്? കാപ്പി കുടിച്ചില്ലേ ഇതുവരെ?''

''അമ്മേ, ഈ ഉറുമ്പുകൾ പോകുന്നത് നോക്കിയിരിക്കാൻ എന്തു രസമാ, അല്ലേ?'' അപ്പു ഉറുമ്പുവരിയിൽ നിന്നും കണ്ണെടുക്കാതെ അമ്മയോടു പറഞ്ഞു.

''പിന്നെ ആദ്യമായല്ലേ ഉറുമ്പിനെക്കാണുന്നത്? നേരം കളയാതെ കാപ്പി കുടിച്ചിട്ട് സ്കൂളിൽ പോകാൻ നോക്ക് അപ്പൂ. ഇന്നല്ലേ പ്രകൃതിപഠന ക്യാമ്പിന് പോകാൻ പേരു കൊടുക്കേണ്ടത്. നീ പൊയ്ക്കോളൂ. കാട്ടിൽപ്പോയി ആനേയും കടുവയേം കാണാൻ നോക്ക്. രാവിലെ ഉറുമ്പിനേം നോക്കിയിരിക്കാതെ,''

അതുകേട്ട് ഉത്സാഹത്തോടെ അപ്പു പെട്ടെന്ന് കാപ്പി കുടിച്ചു തീർത്തു. കണക്കും സാമൂഹ്യപാഠവും കഴിഞ്ഞ് ബയോളജി ടീച്ചർ വന്ന് ക്യാമ്പിന് പോകുന്നവരുടെ പേരെടുത്തപ്പോൾ അപ്പു ചാടിയെണീറ്റു. കാട്ടിൽ പോകുന്നതും ആനയേയും കടുവയേയും കരടിയേയുമൊക്കെ കാണുന്നതോർത്ത് അവന്റെ മനസ്സും തുള്ളിച്ചാടുന്നുണ്ടായിരുന്നു. കൂട്ടത്തിൽ ചെറിയൊരു പേടിയും ആ കുഞ്ഞു



മനസ്സിന്റെ കോണിലായി അവനൊളിപ്പിച്ചിരുന്നു.

പിന്നെ കാത്തിരുപ്പിന്റെ ഒരാഴ്ചയായിരുന്നു. ടീച്ചർ, ക്യാമ്പിന്റെ തയ്യാറെടുപ്പുകളെക്കുറിച്ച് പറഞ്ഞതെല്ലാം വള്ളിപുള്ളി വിടാതെ അപ്പു മനസ്സിലാക്കി. അവന്റെയുള്ളിൽ കാടെന്ന നിഗൂഢമായ, ഭീതിദമായ വനസ്ഥലി സങ്കല്പം വളർന്നുകൊണ്ടേയിരുന്നു.

അങ്ങനെ കാത്തിരുന്ന ആ ദിവസമെത്തി. കേരളത്തിലെ പ്രശസ്തമായ വന്യജീവി സങ്കേതത്തിലേക്ക് അപ്പുവും കൂട്ടുകാരും ടീർച്ചർമാരോടൊത്ത് പ്രകൃതിപഠന ക്യാമ്പിനായി പുറപ്പെട്ടു. ചുരം കയറുമ്പോൾ ഇരുവശത്തും കണ്ട അനന്തമായ പച്ചപ്പും ഇടയ്ക്കിടെ വെള്ളിവരപോലെ ഒഴുകുന്ന നീർച്ചാലുകളുമൊക്കെ അപ്പു കണ്ണാകും ക്യാമറയിലൂടെയും ടീച്ചർമാർ ശരിയായ ക്യാമറയിലൂടെയും ഒപ്പിയെടുത്തു.

ക്യാമ്പിലെത്തിയപ്പോൾ തന്നെ വനംവകുപ്പ് ഉദ്യോഗസ്ഥർ അവരെ കാത്തിരിക്കുന്നുണ്ടായിരുന്നു. ചായയോടൊപ്പം പരിപാടിയുടെ ആമുഖവും അവർ അവതരിപ്പിച്ചു. അപ്പോഴാണ് അപ്പു ആദ്യമായി വന്യജീവി എന്നാൽ എന്തെന്നും വന്യജീവി സങ്കേതങ്ങൾ കൊണ്ട് എന്താണുദ്ദേശിക്കുന്നതെന്നും മനസ്സിലാക്കുന്നത്.

''ചെറുതും വലുതുമായ, ഉറുമ്പുമുതൽ ആനവരെയുള്ള അനേകായിരം ജീവികളെ അവരുടെ സ്വാഭാവികയിടങ്ങളായ വനങ്ങളിൽ സംരക്ഷിക്കുന്നതിനായാണ് വന്യജീവിസങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും രൂപം നൽകിയിരിക്കുന്നത്.'' യാത്രയുടെ ക്ഷീണമുണ്ടായിരുന്നുവെങ്കിലും അപ്പൂന് സാർ പറഞ്ഞതെല്ലാം പുത്തൻ അറിവുകളായി. കൂട്ടത്തിലൊരു മിടുക്കൻ ''ഇവയൊക്കെ എന്തിനാണിങ്ങനെ സംരക്ഷിക്കുന്നത്?'' എന്ന് ചോദിച്ചു. സാർ ചിരിയോടെ പറഞ്ഞു. ''ഇതിനുള്ള ഉത്തരം ഈ ക്യാമ്പു കഴിഞ്ഞുപോകുമ്പോൾ നിങ്ങളെന്നോട് പറയണം.'' എല്ലാവരും ചിരിച്ചു.

അടുത്ത ദിവസം രാവിലെ കാട്ടിലേക്കുള്ള നടത്തമായിരുന്നു ആദ്യ പരിപാടി. എല്ലാവരും എടുത്തറിയാത്ത, മിതമായ നിറങ്ങളുള്ള വസ്ത്രങ്ങളും ഷൂസും ധരിക്കണമെന്നും ക്ലാസെടുത്ത സാർ ഓർമിപ്പിച്ചു. രാവിലെ ഏറ്റവുമാദ്യം ഉണർന്നതും തയ്യാറായതും അപ്പുവായിരുന്നു. കാപ്പികുടി കഴിഞ്ഞ് നടന്നുതുടങ്ങിയപ്പോൾ അവന്റെ കൗതുകക്കണ്ണുകൾ വിടർന്നു. എന്താ വലിയ മരങ്ങൾ!! കൂടുതൽ നടക്കുന്തോറും കൂടുന്ന തണുപ്പും പച്ചപ്പും. ഓരോ മരത്തോടും ചേർന്ന് മറ്റു പലതരം ചെടികൾ. മിക്കതിലും കുഞ്ഞ് ലോലമായ പൂക്കൾ. തറയിലൊക്കെ കരിയിലകൾ. പല മരങ്ങളുടെയും വേരുകൾ പുറമേക്കു തന്നെ കാണാം. ഏതൊക്കെയോ മരങ്ങളുടെ കായകളും വീണു കിടക്കുന്നുണ്ട്. മൂന്നു നാലെണ്ണം എടുത്തു നോക്കിയപ്പോൾ എല്ലാത്തിലും ഒരേപോലെയുള്ള കടിച്ച അടയാളങ്ങൾ. അപ്പൂനാകെ സംശയമായി. അവൻ ഓടി സാറിനൊപ്പം എത്തി അവ കാണിച്ചു. ''എന്താണ് സാർ ഇത്?'' ''ആഹാ, കൊള്ളാമല്ലോ ഇത് താന്നീടെ കായാണ്. പിന്നെ താന്നിയെക്കുറിച്ച് നിങ്ങൾക്കറിയാമോ? ത്രിഫല എന്ന ആയുർവേദക്കൂട്ടിലെ പ്രധാന ചേരുവയാണ് താന്നി. മറ്റുള്ളവ നെല്ലിക്കയും കടുക്കയുമാണ്. നമ്മുടെ കാട്ടിലെ അണ്ണാൻ വർഗങ്ങളിലെ ഏറ്റവും വലുതായ മലയണ്ണാൻ കഴിച്ചിട്ട് ബാക്കിയാക്കുന്നതാണ് ഇത്. മലയണ്ണാനെ ചിലപ്പോ നമുക്ക് കാണാൻ കഴിയും കേട്ടോ.

എല്ലാവരും കുറച്ചു ക്ഷീണിച്ചൂന്ന് തോന്നിയതുകൊണ്ടായിരിക്കണം മുന്നേ നടന്ന സാർ അഞ്ചുമിനിറ്റ് നമുക്കൊന്നിരിക്കാം എന്നുപറഞ്ഞു. എല്ലാവർക്കും വട്ടത്തിലിരിക്കാൻ പറ്റിയ ഒരു



Photo : Vinayaraj

**പലപ്പോഴും പുറമേക്കു തെളിഞ്ഞു കാണുന്ന പടർന്നുപോകുന്ന വേരുകൾ ആർദ്രമായ നിത്യഹരിത വനങ്ങളുടെ ലക്ഷണങ്ങളാണ്. മണ്ണിനടിയിലും പുറത്തുമായി പിണഞ്ഞോടുന്ന വേരുകൾ തമ്മിൽത്തമ്മിൽ ആശയവിനിമയം നടത്തുന്നതായി തെളിഞ്ഞിട്ടുണ്ട്.**

വലിയ തണലിടം ആയിരുന്നു അത്. അവിടിരുന്നു വെള്ളമൊക്കെ കുടിക്കുമ്പോൾ തന്നെ സാർ കാടിനെക്കുറിച്ചുപറഞ്ഞുതുടങ്ങി.

''നിങ്ങളിതുവരെ നടന്നൂല്ലോ, എന്താണ് ഏറ്റവും കൂടുതൽ ശ്രദ്ധിച്ചത്?'' പലർക്കും പലതായി ഉത്തരം... മരങ്ങൾ, ചെടികൾ, തണുപ്പ്, ഇലകൾ, പൂക്കൾ അങ്ങനെയങ്ങനെ... പെട്ടെന്നാണ് അപ്പു പറഞ്ഞത്. ''വേരുകൾ...''

''നിങ്ങളീക്കണ്ട, പറഞ്ഞ പലതും പിന്നെ കാണാത്തതും പറയാത്തതുമായ പലതും ചേരുമ്പോഴാണ് കാട് കാടാവുന്നത്. പലപ്പോഴും പുറമേക്കു തെളിഞ്ഞു കാണുന്ന പടർന്നുപോകുന്ന വേരുകൾ ആർദ്രമായ നിത്യഹരിത വനങ്ങളുടെ ലക്ഷണങ്ങളാണ്. മേൽത്തട്ടിൽ തന്നെ ആവശ്യത്തിനു വെള്ളമുള്ളതുകൊണ്ട് അധികം താഴേക്കു പോയി പണിപ്പെടേണ്ട കാര്യം ഈ വേരുകൾക്കില്ലെന്നു ചുരുക്കം. മണ്ണിനടിയിലും പുറത്തുമായി പിണഞ്ഞോടുന്ന വേരുകൾ തമ്മിൽത്തമ്മിൽ ആശയവിനിമയം നടത്തുന്നതായും തെളിഞ്ഞിട്ടുണ്ട്. പിന്നെ നിങ്ങൾക്കണ്ട മരങ്ങൾ മിക്കവയും നൂറുകണക്കിനു വർഷം പ്രായമുള്ള മുത്തശ്ശന്മാരോ മുത്തശ്ശികളോ ആണ് കേട്ടോ.'' സാറു പറഞ്ഞത് കുട്ടികളിൽ ചിരി പടർത്തി.

''നിങ്ങൾ പറഞ്ഞില്ലേ, കാട്ടിലെ തണലിനെക്കുറിച്ച്? മേലോട്ട് നോക്കൂ... ഓരോ മരത്തിന്റെയും ഇലച്ചാർത്ത് ശ്രദ്ധിക്കൂ... അവയെത്ര അടുത്തടുത്താണെന്നു കണ്ടോ? സൂര്യപ്രകാശത്തിന് മണ്ണിൽ നേരിട്ടു പതിക്കാനേ കഴിയുന്നില്ല അല്ലേ? പിന്നെ ഈ മരങ്ങളുടെ ഇലകൾ ശ്രദ്ധിച്ചോ? മിക്കതും പരന്ന്, അഗ്രം കൂർത്ത ഇലകളാണ്. ഇവിടെ ശക്തമായ മഴ പെയ്യുന്നതായി നിങ്ങൾ സങ്കൽപ്പിക്കൂ... ഓരോ മഴത്തുള്ളിയും ഓരോ മരത്തിലെ ഓരോ ഇലയിലും കൊമ്പിലായും മുട്ടിയുരുമ്മി, പിന്നെ അടുത്ത തട്ടുകളിലായുള്ള ചെറുമരങ്ങളിലും ചെടികളേയും തഴുകി മെല്ലെ മാത്രമേ മണ്ണിൽ പതിക്കൂ. മണ്ണിലേക്ക് കിനിഞ്ഞിറങ്ങി ഇങ്ങനെ ശേഖരിക്കപ്പെടുന്ന ജലമാണ് നീർച്ചാലായും പിന്നീട് പുഴയായും ഒഴുകുന്നത്.

''സാർ, പക്ഷേ എന്നാലും കൂടുതൽ മഴയും മണ്ണിലല്ലല്ലോ, കരിയിലപ്പുതപ്പിന്മേലല്ലേ വീഴൂ''

അപ്പുന്റെ ന്യായമായ സംശയം കേട്ട് സാർ ഉത്സാഹത്തിലായി.

''മിടുക്കൻ, അപ്പോളത് ശ്രദ്ധിച്ചുവല്ലേ? ഇത്രയും കരിയിലകൾ വീണ് മെല്ലെ ജീർണിച്ചുച്ചേർന്നാണ് ഈ മണ്ണിനെ സമ്പുഷ്ടമാക്കുന്നത്. കരിയിലകൾ മാറ്റി നോക്കിയാൽ നിങ്ങൾക്ക് ഈ പണിയിലിടപെടുന്ന കൂട്ടരെ ക്കാണാം.''

അപ്പു പെട്ടെന്ന് തൊട്ടടുത്ത കരിയിലകൾ മെല്ലെ മാറ്റിനോക്കി. ചിതലുകളും അട്ടയും പല വർണത്തിലുള്ള മറ്റുപല ഷഡ്പദങ്ങളും... ''ഇത്രയും ജീവികളോ?'' അവനറിയാതെ പറഞ്ഞുപോയി.

''അതേയതേ, പലപ്പോഴും വലിയ സസ്തനികളെ മാത്രമേ വനത്തിൽ നമ്മൾ പ്രതീക്ഷയോടെയും തെല്ല് പേടിയോടെയും നോക്കൂ. അതിനിടയിൽ ഇതുപോലെ അനേകം ജീവികളെ ശ്രദ്ധിക്കില്ല. ഈ മരത്തിൽ കാണുന്ന പൊത്തിൽ നോക്കിയാൽ പോലും പലതരം ജീവികളുടെ വീടാണത് എന്ന് വ്യക്തമാകും. നിങ്ങൾ ആ വീണു കിടക്കുന്ന തടിയെ ഒന്നെണീറ്റിട്ട് ശ്രദ്ധിക്കൂ. ആരൊക്കെയാണ് അതിലെ താമസക്കാരെന്ന് നോക്കൂ...''

സാർ പറഞ്ഞതുകേട്ട് വീണ തടി നോക്കിയവർ പക്ഷേ അത്ഭുതപ്പെട്ടു. ഓറഞ്ചും ചന്ദനനിറവും ചേർന്ന ഭംഗിയുള്ള മരക്കൂണുകൾ, ചുവപ്പും കറുപ്പും പൊട്ടുള്ള കുഞ്ഞൻ വണ്ടുകൾ, പലതരം ഉറുമ്പുകൾ കടുംപച്ച നിറത്തിലെ പായലുകൾ വീണു കിടക്കുന്ന തടിപോലും എത്ര ജീവികളുടെ വാസസ്ഥലമാണെന്നറിയുമ്പോഴേ ഈ കാടിന്റെ വൈവിധ്യം നിങ്ങൾ തിരിച്ചറിയൂ. അതുപോലെ തന്നെയാണ് ഓരോ മരവും മണ്ണും പുഴയും പുഴത്തീരവും ഒക്കെ...

''നമുക്ക് ബാക്കി നടന്നാലോ...''



സാറ് പറഞ്ഞപ്പോഴേക്കും എല്ലാവരും ഉത്സാഹത്തോടെ നടന്നു തുടങ്ങി.

കുറച്ചു മുന്നോട്ട് നടന്നതേയുള്ളൂ... ഒരു പ്രത്യേക ശബ്ദം കേട്ട് എല്ലാവരും നിന്നു. നോക്കുമ്പോൾ രണ്ട് മലയണ്ണാന്മാർ അല്പം അകലെയായുള്ള മരത്തിൽ ഓടിക്കളിക്കയാണ്. കുറച്ചുനേരത്തെ കളി കഴിഞ്ഞ് അവർ മരങ്ങൾ ചാടിക്കടന്ന് ദൂരങ്ങളിലേക്കു മറഞ്ഞു.

പതുക്കെ അപ്പുവും കൂട്ടുകാരും സാറിനൊപ്പം മുന്നോട്ടു നടന്നു. എന്തോ ഒരു വ്യത്യസ്തമായ മണം പരിസരമാകെ നിറഞ്ഞതായി തോന്നി. മുന്നിൽ സാർ നടത്തം മതിയാക്കി നിൽക്കുന്നതു കണ്ട് എല്ലാവരും എന്താണെന്നറിയാൻ സാറിനു ചുറ്റുമായി നിന്നു. സാർ ചൂണ്ടിക്കാണിച്ചപ്പോഴാണ് അപ്പുവത് കണ്ടത്. ആനപ്പിണ്ഡം. ഉത്സവപ്പറമ്പിൽ ആനപ്പിണ്ഡം കണ്ടത് അപ്പു ഓർത്തു. പക്ഷേ ഈ മണം അവന്റെ ഓർമയിലില്ലായിരുന്നു.

സാർ പറഞ്ഞുതുടങ്ങി. ''നിങ്ങളീക്കണ്ട ആനപ്പിണ്ഡത്തിന് ഏതാണ്ട് രണ്ടാഴ്ച പഴക്കമുണ്ട്. രണ്ടാഴ്ചയ്ക്കു മുമ്പ് ഇവിടെ ആന വന്നിരുന്നു എന്നതിന്റെ അടയാളമാണിത്. നമ്മുടെ കാടുകളിൽ പലപ്പോഴും മൃഗങ്ങളുടെ സാന്നിധ്യമറിയാൻ ഇത്തരം അടയാളങ്ങളെ ആശ്രയിക്കേണ്ടിവരും. ഈ ആനപ്പിണ്ഡം നിങ്ങൾ മെല്ലെ ഒന്ന് അനക്കൂ... കണ്ടില്ലേ എത്ര ജീവികളാണ് അതിൽ പണിയെടുക്കുന്നത് എന്ന്. ''ഇപ്പോൾ ഇവിടെ ആന വന്നാൽ നമ്മളെന്തു ചെയ്യും?'' കൂട്ടത്തിലെ ഏതോ ഒരു മിടുക്കീടെ ചോദ്യമാണ്. ചിലർ അതുകേട്ട് 'അയ്യോ' എന്നും 'അമ്മേ' എന്നും വിളിച്ചുപോയി.

എന്നാൽ ചിരിച്ചുകൊണ്ടാണ് സാർ മറുപടി പറഞ്ഞത്. ''നിങ്ങൾ പേടിക്കണ്ട കാര്യമൊന്നുമില്ല. ആനയ്ക്കും മറ്റു പല വന്യമൃഗങ്ങൾക്കും നല്ല ഘ്രാണശക്തിയാണ്.''

''ഘ്രാണശക്തിയോ? എന്താണത്?'' കുട്ടികളുടെ സംശയം ചോദ്യമായതാണ്.



Photo : Rakesh Kumar Dogra

''അതായത് മണംപിടിക്കാനുള്ള കഴിവ്. ആനയ്ക്ക് അത് നന്നായി വികസിച്ചിട്ടുണ്ട്. കാറ്റു വരുന്ന ഭാഗത്തേക്ക് തുമ്പിക്കൈ ഉയർത്തിയൊക്കെ മണം പിടിച്ചെടുക്കും. അങ്ങനെ പരിചയമില്ലാത്ത, അതായതു മനുഷ്യനെ പോലെയുള്ളവയുടെ സാന്നിധ്യം മണത്തിലൂടെ അറിഞ്ഞാൽ അത്തരം സ്ഥലങ്ങൾ ഒഴിവാക്കുകയാണ് അവയുടെ പതിവ്. അതുകൊണ്ട് തത്കാലം പേടിക്കാനില്ല. പൊതുവേ ഒരു വന്യജീവിയും ഭക്ഷണത്തിനായല്ലാതെ മറ്റൊന്നിനെ കൊല്ലുകയോ ഉപദ്രവിക്കുകയോ ചെയ്യാറില്ല.''

''പിന്നെ നിങ്ങളിത്ര താത്പര്യമുള്ള കുട്ടികളായതുകൊണ്ട് ഇത്തിരി നീങ്ങിനടന്നാൽ പുതുമയുള്ള ഒരു കാര്യം കാണിച്ചു തരാം.'' സാർ പറഞ്ഞു.

അതുവരെ നടന്ന വഴിവിട്ട് ഇടത്തോട്ടായി കാടിന്റെ ഇത്തിരിക്കൂടി അകത്തേക്ക് അവർ കടന്നു. അവിടെ ഒരു ചെറിയ നടപ്പാതപോലെ തോന്നുന്ന, അരികിലൂടെ ഒഴുകുന്ന അരുവിയിലേക്കു പോകുന്ന ചെറിയ വഴിയുണ്ടായിരുന്നു. അരികിലായി ഒരു മരത്തിൽ കെട്ടി വച്ച പെട്ടിയും സാറു കാണിച്ചപ്പോഴാണ് വഴിയുടെ മറുവശത്തും അങ്ങനെയൊന്നുണ്ടെന്ന് അവർ കണ്ടത്. സാർ നിന്നിട്ട് പറഞ്ഞു തുടങ്ങി.





Photo : Wildlife Conservation Trust

**ഒരു ക്യാമറാ ട്രാപ്പാണിത്. കടുവയുടെയും മറ്റു പല വന്യജീവികളുടെയും സ്ഥിരം സഞ്ചാരവഴിയിലാണ് ഇത് സ്ഥാപിക്കുന്നത്. ഈ ഉപകരണത്തിലൊരു ഇൻഫ്രാറെഡ് സെൻസറുണ്ട്. കടന്നുപോകുന്ന വസ്തുവിന്റെയോ ജീവിയുടെയോ താപനില തിരിച്ചറിഞ്ഞ് ക്യാമറ ഓണാവുകയും അതിൽ ഫോട്ടോയെടുക്കപ്പെടുകയും ചെയ്യും.**

‘‘നിങ്ങൾക്കെല്ലാവർക്കും ക്യാമറ എന്താണെന്നറിയാമല്ലോ? ഇക്കാണുന്നതൊരു ക്യാമറാ ട്രാപ്പാണ്. ഇതു കടുവയുടെയും മറ്റു പല വന്യജീവികളുടെയും സ്ഥിരം സഞ്ചാരവഴിയാണെന്ന് മനസ്സിലാക്കി സ്ഥാപിച്ചതാണ്. ഈ ഉപകരണത്തിലൊരു ഇൻഫ്രാറെഡ് സെൻസറുണ്ട്. കടന്നുപോകുന്ന വസ്തുവിന്റെയോ ജീവിയുടെയോ താപനില തിരിച്ചറിഞ്ഞ് ക്യാമറ ഓണാവുകയും അതിൽ ഫോട്ടോയെടുക്കപ്പെടുകയും ചെയ്യും. നിലവിൽ കടുവയുടെ എണ്ണം കണക്കാക്കുന്നത് ഇങ്ങനെയെടുക്കുന്ന ഫോട്ടോകളെ അടിസ്ഥാനമാക്കിയാണ്. പിന്നെ നിങ്ങൾ കേട്ടിട്ടുണ്ടാവും ഓരോ മനുഷ്യന്റെയും വിരലടയാളം വേറിട്ടതാണെന്ന്. അതുപോലെ ഓരോ കടുവയുടെയും Stripe pattern എന്ന് ഇംഗ്ലീഷിൽ പറയുന്ന ദേഹത്തെ വരയടയാളങ്ങൾ വേറിട്ടതാണ്. ഇങ്ങനെ ഫോട്ടോകളിൽ നിന്നും ഓരോ കടുവയേയും തിരിച്ചറിഞ്ഞ് എണ്ണിത്തിട്ടപ്പെടുത്തുന്നതാണ് നിലവിലെ രീതി.’’

‘‘ഈ കാട്ടിലെത്ര കടുവയുണ്ട് സാർ?’’ കുട്ടികളുടെ ടീച്ചറാണ് ഇത്തവണ ചോദിച്ചത്.

‘‘ടീച്ചറേ കേരളത്തിലെ കാടുകളിൽ 190 കടുവകളുണ്ടെന്നാണ് ഏറ്റവും പുതിയ കണക്ക്. കാടുകൾ പലപ്പോഴും അടുത്ത കാടുകളുമായി തുടർച്ചയുള്ളവയാണ്. അതുകൊണ്ട് കടുവകളെയും ആനകളെയും പോലെയുള്ള, കൂടുതൽ വനവ്യാപ്തി വേണ്ട മൃഗങ്ങൾ അങ്ങോട്ടേക്കും സഞ്ചരിച്ചു കൊണ്ടിരിക്കും. എന്നാലും ഈ കാട്ടിൽ കുറഞ്ഞത് എട്ട് കടുവകളുണ്ടെന്നാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്. കാടുകളുടെ തുടർച്ച നഷ്ടപ്പെടുന്നതും അങ്ങനെ മൃഗങ്ങൾക്ക് സ്വൈര്യവിഹാരത്തിന് മതിയായ സ്ഥലമില്ലാത്തതും അവ വനത്തിനു പുറത്തിറങ്ങി സംഘർഷങ്ങൾ ഉണ്ടാക്കുന്നതിന് ഒരു പരിധി വരെ കാരണമാകും.’’ സാർ പറഞ്ഞു.

‘‘ഇനി കുറച്ചു ദൂരം കൂടി നടന്നാൽ നമ്മൾ കാടിനു വെളിയിലെത്തും. എല്ലാവരും ക്ഷീണിച്ചോ? തൊട്ടടുത്ത് ഒരു അരുവിയുണ്ട്. നമുക്ക് കുറച്ചുനേരം അവിടെയി

രിക്കാം.'' സാർ അവരെ അരുവിക്കരികിലേക്ക് നടത്തി.

പാറക്കല്ലുകളിലൂടെ തെന്നി നീങ്ങുന്ന തെളിഞ്ഞ ജലം. കല്ലുകളോടു ചേർന്നും കരയോടടുത്തും നിറയെ പൂത്ത കാശിത്തുമ്പകൾ. അവയുടെയെല്ലാം മേലേ പറന്നു പൊങ്ങുന്ന പലതരം തുമ്പികൾ. ചിലതൊക്കെ കുഞ്ഞിച്ചിറകു വിടർത്തുമ്പോൾ മഴവിൽ നിറങ്ങൾ! അപ്പൂന് നിറക്കാഴ്ചകളുടെ ഓണം തന്നെയായിരുന്നു. മറ്റുള്ളവരെപ്പോലെ അപ്പുവും കാൽ വെള്ളത്തിലേക്കിട്ട് അനക്കിക്കൊണ്ടിരുന്നു. ''നിങ്ങൾ കാലനക്കാതിരുന്നാൽ പതിയെ കുഞ്ഞു മീനുകൾ കാലിൽ കൊത്തുന്നതറിയാം. ശ്രദ്ധിച്ചു നോക്കൂ.''സാർ അവരുടെ അടുത്തുവന്ന് പതിയെപ്പറഞ്ഞു. അപ്പും കൂട്ടുകാരും കേട്ട മാത്രയിൽ ശ്വാസം വിടാതെ കാലനക്കാതിരുന്നു. പതിയെപ്പതിയെ കുഞ്ഞുമീനുകൾ അവരുടെ കാലിലെ ഇളകിയതൊലിയൊക്കെ കൊത്തിത്തിന്നുന്നതായി അവർക്കു മനസ്സിലായി. ഇക്കിളിപ്പെടുത്തുന്നതുപോലെ തോന്നിയ അപ്പു ചിരിച്ചുപോയി. 'ശ്..ശ്...' അവന്റെ കൂട്ടുകാർ ചുണ്ടോടു വിരൽ ചേർത്ത് അപ്പൂനെ നോക്കി കണ്ണുരുട്ടി. കുറച്ചുനേരം കൂടി അവരതേ ഇരിപ്പു തുടർന്നു.

''നമുക്കു പോയാലോ?'' സാറിന്റെ ശബ്ദം അവരെ എഴുന്നേൽപ്പിച്ചു.വീണ്ടും നടന്നുതുടങ്ങി. അപ്പു സാറിന്റെയൊപ്പം ഏറ്റവും മുന്നിലായിരുന്നു. ചുറ്റും നോക്കി നോക്കി നടന്ന അപ്പു പെട്ടെന്നാണ് അതു കണ്ടത്. അല്പം മുന്നിൽ വഴിക്കു വലത്തായി നിന്ന അധികം ഉയരമില്ലാത്ത ഒരു മരത്തിൽ നിന്നും നിറയെ ഇളം നീലനിറത്തിൽ പൂക്കൾ പോലെയെന്തോ തുരുതുരാന്ന് പറന്നു പൊങ്ങുന്നു. ഒരുനിമിഷം നിന്നു ശ്രദ്ധിച്ചപ്പോഴാണ് അവനും മറ്റുള്ളവർക്കും കാര്യം മനസ്സിലായത്. ചിത്രശലഭങ്ങൾ!! അത്ഭുതംകൂറിനിന്ന അവരോടായി സാർ പറഞ്ഞു തുടങ്ങി.

'Blue Tiger' അഥവാ നീലക്കടുവാ എന്ന ചിത്രശലഭമാണിത്. ഓരോ ചിത്രശലഭത്തിനും അതിന്റെ ജീവിതചക്രത്തിലെ ഓരോ ഘട്ടത്തിലും ഓരോ ആശ്രിത സസ്യമുണ്ട്. Host Plant എന്നാണ് അതിനെ പറയുക. ഈ ചിത്രശലഭങ്ങളും സസ്യങ്ങളുമൊക്കെ അങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കാട്ടിലെ മറ്റെല്ലാ ജീവികളെയുംപോലെ.''

''മണ്ണും മരവും, മരവും വനവും, വനവും പുഴയും, പുഴയും മനുഷ്യനുമൊക്കെ അങ്ങനെ അങ്ങനെ ജീവശൃംഖലയുടെ ശക്തമായ കണ്ണികളാണ്. നിങ്ങൾ കണ്ടതുപോലെ ഒരു വനമെന്നാൽ അതിസങ്കീർണമായ ബന്ധങ്ങളിലൂടെയാണ് നിലനിൽക്കുന്നത്. ജീവനുള്ളതും അല്ലാത്തതുമായ അനേകം ഘടകങ്ങൾ അതിൽ പാരസ്പര്യത്തിലൂടെ ബന്ധപ്പെട്ടിരിക്കുന്നു. അതിൽ വന്യജീവികളുടെ സ്ഥാനം വളരെ വലുതാണ്. വൃക്ഷങ്ങളുടെ വിത്തു വിതരണത്തിന് സഹായിക്കുന്ന മലയണ്ണാനും, കടുകട്ടിയായ പല വിത്തുകളും ആനപിണ്ഡത്തിലൂടെ പുറത്താക്കി മുളപ്പിക്കുന്ന ആനയും, പലതരം ജീവികൾക്ക് ഭക്ഷണമേകുന്ന ആനപ്പിണ്ഡവും കുഞ്ഞുചെടികൾ മുതൽ വലിയ മരങ്ങളുടെ വരെ പരാഗണം സാധ്യമാക്കുന്ന പൂമ്പാറ്റകളും, ജൈവഘടകങ്ങളെ വിഘടിപ്പിച്ച് മണ്ണിലേക്ക് ചേർക്കുന്ന ഉറുമ്പും ചിതലുമൊക്കെ ഇതിനു ചില ഉദാഹരണങ്ങൾ മാത്രമാണ്.'' അവർ നടന്നു തുടങ്ങി.

''കാട്ടിൽ പോകുന്ന വഴിയേത്?

കാട്ടിത്തരുവാനാരുണ്ട്?'' എന്ന കുഞ്ഞുണ്ണി മാഷിന്റെ വരികളെഴുതിയ ബോർഡ് വച്ച, യാത്ര തുടങ്ങിയ ഡോർമിറ്ററിക്കു മുമ്പിലെത്തിയിരുന്നു അപ്പോഴേക്കും അവർ.

മുന്നേ പോയ സാർ ഒന്നു നിന്നു. എല്ലാവരും എത്തിയിട്ടു ചോദിച്ചു. ''ഇനി നിങ്ങൾ പറയൂ, ഈ വനത്തേയും വന്യജീവികളെയും സംരക്ഷിക്കുന്നതെന്തിനാണ്?''

''നമുക്കുവേണ്ടി... ജലത്തിനുവേണ്ടി... ശുദ്ധ വായുവിനുവേണ്ടി.... മണ്ണിനുവേണ്ടി... നിലനിൽപ്പിനായി... '' അവർ പറഞ്ഞുകൊണ്ടേയിരുന്നു.

സാർ ചിരിച്ചു. ''കൊള്ളാം. മാർച്ച് 3 ലോക വന്യജീവിദിനവും മാർച്ച് 21 അന്താരാഷ്ട്ര വനദിനവുമാണ്. ''ഭൂമിയിലെ എല്ലാ ജീവന്റെയും നിലനിൽപ്പ്'' അഥവാ Sustaining all life on earth എന്നതാണ് ഇക്കൊല്ലത്തെ വന്യജീവി ദിനത്തിന്റെ വിഷയം. അതിന്റെ അർഥം ജീവിതത്തിൽ പകർത്താൻ ഈ കാടുകാണൽ നിങ്ങൾക്ക് വഴിയൊരുക്കട്ടെ...'' അദ്ദേഹം പറഞ്ഞുനിർത്തി. അപ്പു കൈയടിച്ചു തുടങ്ങിയിരുന്നു. കൂട്ടുകാരും.



Photo : Uajith

# പുതിയ കൊറോണ വൈറസ് രോഗം – തടയാം ശുചിത്വത്തിലൂടെ

ഡോ. ബി പത്മകുമാർ





ചൈനയിലെ വുഹാൻ പട്ടണത്തിൽ പൊട്ടിപ്പുറപ്പെട്ട പുതിയ കൊറോണ വൈറസ് രോഗം ലോകത്താകമാനം ആശങ്കയുണ്ടാക്കിയിരിക്കുകയാണ്. ചൈനയിൽ ഇതുവരെയായി 1000 ലേറെ പേർ കൊറോണ ബാധിച്ച് മരിക്കുകയുണ്ടായി. മരുന്നില്ലാത്ത രോഗം, വാക്സിനില്ലാത്ത പകർച്ചവ്യാധി, മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പെട്ടെന്ന് പകരുന്ന രോഗം തുടങ്ങി നിരവധി കാര്യങ്ങൾ കൊറോണ രോഗത്തെക്കുറിച്ചുള്ള ഭീതി വർധിപ്പിക്കുന്നുണ്ട്. എന്നാൽ രോഗം വന്നവരും രോഗിയെ പരിചരിക്കുന്നവരും പൊതുസമൂഹവും ആരോഗ്യ സംരക്ഷണത്തിലും ശുചിത്വത്തിലും ജാഗ്രത കാണിക്കുകയാണെങ്കിൽ കൊറോണയെ നമുക്ക് നിയന്ത്രിക്കുവാൻ സാധിക്കും.


## എന്താണ് കൊറോണ വൈറസ്?

മനുഷ്യരിലും വളർത്തുമൃഗങ്ങളിലും ജലദോഷപ്പനി മുതൽ മാരകമായ ന്യുമോണിയയ്ക്കു വരെ കാരണമാകുന്ന വൈറസുകളാണ് കൊറോണ വൈറസുകൾ. ഇലക്ട്രോൺ മൈക്രോസ്കോപ്പിലൂടെ നോക്കുമ്പോൾ കിരീടാകൃതി ഉള്ളതുകൊണ്ടാണ് ഇവയ്ക്ക് കിരീടം എന്നർഥം വരുന്ന ലാറ്റിൻ പദമായ കൊറോണ എന്ന പേരിട്ടത്. 2019 ഡിസംബറിലാണ് ചൈനയിലെ വുഹാൻ നഗരത്തിൽ ആദ്യമായി ഈ പുതിയ വൈറസിനെ കണ്ടെത്തിയത്. വുഹാനിലെ സമുദ്രോല്പന്ന മാർക്കറ്റാണ് രോഗത്തിന്റെ പ്രഭവകേന്ദ്രം എന്നാണ് കരുതുന്നത്. 1960 കളിലാണ് ആദ്യമായി കൊറോണ വൈറസിനെ കണ്ടെത്തിയത്. ഈ വൈറസുകൾ സാധാരണ ജലദോഷപ്പനിക്കുമാത്രമേ കാരണമാകുമായിരുന്നുള്ളൂ. എന്നാൽ പിന്നീട് ഈ വൈറസുകൾക്ക് രൂപാന്തരമുണ്ടായി, 2002 ൽ സാർസ് എന്ന പകർച്ചവ്യാധിക്കും 2012 ൽ മെർസ് എന്ന പകർച്ചപ്പനിക്കും കാരണമാകുകയുണ്ടായി.

## രോഗം പകരുന്ന വഴികൾ

രോഗി തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴുമൊക്കെ ദശലക്ഷക്കണക്കിന് വൈറസുകളാണ് പുറന്തള്ളപ്പെടുന്നത്. രോഗാണുക്കളടങ്ങിയ കണികകൾ ശ്വസിക്കുന്നതിലൂടെയാണ് മറ്റൊരു വ്യക്തി രോഗബാധിതനാകുന്നത്. രോഗി ഉപയോഗിച്ച വസ്ത്രങ്ങൾ, പാത്രങ്ങൾ, ആശുപത്രി ഉപകരണങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിലൂടെയും രോഗം പകരാം. രോഗിയുമായി അടുത്തിടപഴകുന്നതിലൂടെ കൈകളിലും

മറ്റും ശരീരസ്രവങ്ങൾ പറ്റിപ്പിടിക്കുന്നതു രോഗം പകരാൻ കാരണമാകും. മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും പുതിയ വൈറസ് രോഗം പടരാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല.


Photo : CDC Dr. Fred Murphy

## രോഗലക്ഷണങ്ങൾ

പുതിയ കൊറോണ വൈറസ് രോഗത്തിന്റെയും പ്രധാന ലക്ഷണം പനിയും ചുമയും തന്നെയാണ്. ക്ഷീണം, തലവേദന, ശരീരവേദന തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടായെന്നു വരാം. തുടക്കത്തിൽ കൊറോണ രോഗത്തെ നമുക്ക് സാധാരണ ജലദോഷപ്പനിയിൽ നിന്നും തിരിച്ചറിയാൻ കഴിഞ്ഞെന്നുവരില്ല. സാധാരണഗതിയിൽ ഒരാഴ്ചയ്ക്കുള്ളിൽ പനി മാറി രോഗി സുഖം പ്രാപിക്കുന്നു. എന്നാൽ ശരീരത്തിന്റെ പ്രതിരോധ ശേഷി കുറഞ്ഞവരിൽ പനി മൂർച്ഛിച്ച് ന്യുമോണിയ ഉണ്ടാകാം. കുട്ടികളിൽ ബോധക്ഷയവും അപസ്മാരവുമുണ്ടാകാം. വൈറസുകൾ രക്തപ്രവാഹത്തിലൂടെ ശരീരത്തിലെ വിവിധ ആന്തരാവയവങ്ങളിലെത്തുന്നു. തുടർന്ന് വൃക്കസ്തംഭനം, ഹൃദയസ്തംഭനം, ആന്തരികരക്തസ്രാവം തുടങ്ങിയവ ഉണ്ടാകുമ്പോഴാണ് രോഗം മരണകാരണമാകുന്നത്.

## വ്യക്തിശുചിത്വം പാലിക്കണം

ഇനിയും പുതിയ പനികൾ ലോകത്തെവിടെയും പൊട്ടിപ്പുറപ്പെട്ടെന്നുവരാം. പുതിയ രോഗങ്ങളെ പ്രതിരോധിക്കാൻ നമുക്ക് ആദ്യം വേണ്ടത് വ്യക്തിശുചിത്വമാണ്. പനിയും ജലദോഷവും മറ്റസുഖങ്ങളും ഉള്ളവരുമായി ഇടപഴകുമ്പോൾ സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടെ കൈ വൃത്തിയായി കഴുകണം. ചുമ്മാ കഴുകിയാൽ പോരാ. നന്നായി സോപ്പ് പതപ്പിച്ച് ഇരുപതു സെക്കന്റോളം കൈകൾ വൃത്തിയാക്കണം. ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തൂവാല ഉപയോഗിച്ച് മൂക്കും വായും അടച്ചു പിടിക്കണം. കഴുകാത്ത കൈകൾ കൊണ്ട് കണ്ണ്, മൂക്ക്, വായ തുടങ്ങിയ ഭാഗങ്ങളിൽ തൊടരുത്.



പനി വന്നാൽ ഒരിക്കലും സ്വയംചികിത്സ ചെയ്യരുത്. ഡോക്ടറെക്കണ്ട് രോഗം എന്താണെന്ന് കൃത്യമായി കണ്ടുപിടിച്ച് ശരിയായ ചികിത്സ ചെയ്യണം. പനി പൂർണമായും മാറുന്നതുവരെ സ്കൂളിൽ പോകാതെ വീട്ടിൽ തന്നെ വിശ്രമിക്കണം. നമ്മുടെ പനി പെട്ടെന്ന് മാറാനും മറ്റുള്ള കൂട്ടുകാരിലേക്ക് രോഗം പകരാതെയിരിക്കാനുമാണ് ഇങ്ങനെ വിശ്രമിക്കേണ്ടത്.

ഇനി ഒരു കാര്യം കൂടി. നമുക്കൊക്കെ വീട്ടിൽ ഓമനയായി പൂച്ചയും പട്ടിയുമൊക്കെ കാണും. അവയുമായി ഇടപഴകുമ്പോഴും ശുചിത്വം പാലിക്കാൻ ശ്രദ്ധിക്കണം. മൃഗങ്ങളെ കൈകാര്യം ചെയ്ത ശേഷം കൈകാലുകൾ വൃത്തിയായി സോപ്പുപയോഗിച്ച് കഴുകണം. കൈകാലുകളിൽ മുറിവുള്ളപ്പോൾ വളർത്തുമൃഗങ്ങളുമായി ഇടപഴകാതെയിരിക്കാനും ശ്രദ്ധിക്കണം.

കഥാപ്രസംഗം

# പട്ടുപാവാട

രാജേശ്വരി തോന്നയ്ക്കൽ

**മലയാളത്തിലെ പ്രശസ്ത കവയത്രി ശ്രീമതി സുഗതകുമാരി എഴുതിയ 'പട്ടുപാവാട' എന്ന കവിതയെ ആസ്പദമാക്കി തയ്യാറാക്കിയ കഥാപ്രസംഗമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.**

*''അയ്യയ്യ! നോക്കുവിൻ കൂട്ടുകാരേ,*
*പുതിയൊരു ചങ്ങാതി പോരുന്നുണ്ട്*
*പേടിച്ചരണ്ടവൾ നോക്കുന്നുണ്ട്...*
*അയ്യയ്യോ! പോലീസും കൂടെയുണ്ട്...''*
*(അയ്യയ്യാ...)*

കുറെ ഏറെ വർഷങ്ങൾക്കുമുമ്പു നടന്ന കഥയാണ്. തലസ്ഥാന നഗരിയിലെ ഒരു ബാലികാസദനമാണ് രംഗവേദി. 'ബാലികാസദനം' എന്നു പറഞ്ഞാൽ ഏതൊക്കെയോ ചുറ്റുപാടുകളിൽപ്പെട്ട് അച്ഛനമ്മമാരോടൊപ്പം സുരക്ഷിതമായി വളരാനുള്ള പശ്ചാത്തലമില്ലാതെപോയ പെൺകുട്ടികൾ പാർക്കുന്ന ഇടം. മിക്ക ദിവസങ്ങളിലും ഇവിടെ പുതുമുഖങ്ങൾ എത്താറുണ്ട്. നിയമങ്ങൾക്കു വിധേയമായി പലരും ഇവിടുന്ന് സ്വന്തം ഉടയോരോടൊപ്പം മടങ്ങിപ്പോകാറുമുണ്ട്.

അങ്ങനെയിരിക്കെ ഒരുനാൾ രണ്ടുമൂന്നു പോലീസുകാർക്കൊപ്പം ഒരു ചെറിയ പെൺകുട്ടി ഈ മുറ്റത്തെത്തി.

''അയ്യയ്യ! നോക്കുവിൻ കൂട്ടുകാരേ,
പുതിയൊരു ചങ്ങാതി പോരുന്നുണ്ട്
പേടിച്ചരണ്ടവൾ നോക്കുന്നുണ്ട്...
അയ്യയ്യോ! പോലീസും കൂടെയുണ്ട്...''

ആ പോലീസുകാരുടെ കൈവശം എന്തോ ഉണ്ടല്ലോ... അതെ, അതൊരു കോടതി ഉത്തരവാണ്. ആ കുട്ടിയുടെ അമ്മയും കൂട്ടരും മോഷണക്കുറ്റത്തിൽ അറസ്റ്റിലായിരിക്കുന്നു. കുട്ടിയെ ഇവിടെ സുരക്ഷിതമായി പാർപ്പിക്കാനുള്ള




വര : സന്തോഷ് വെളിയന്നൂർ

ഉത്തരവാണത്. എന്നാൽ ഈ വിവരമൊന്നും മറ്റ് അന്തേവാസികൾ അറിയുന്നില്ല.

അവർക്ക് പുതുമുഖത്തെ ഇഷ്ടമായി.

*“പരുത്ത മുടി, പാറി പറന്നു, കീറി തൂങ്ങും*
*ഉടുപ്പും, കവിളത്തു പച്ചകുത്തിയ പാടും*
*മങ്ങിയ മൂക്കുത്തിയും വിരണ്ട മിഴിയുമായ്*
*എന്തിനെന്നറിയാതെ ചുറ്റിനും നോക്കീടുന്നു...”*

അവളുടെ സമപ്രായക്കാരായ കുട്ടികൾ അതിനകത്ത് ധാരാളം പേരുണ്ടായിരുന്നു. അവരെല്ലാം ആ പുതുമുഖത്തെ തന്നെ നോക്കിനിന്നു. ചില മുതിർന്ന ചേച്ചിമാർക്ക് അവളുടെ പാറിപ്പറന്നു കിടക്കുന്ന മുടി ചീകികെട്ടണമെന്നു തോന്നി. അവളുടെ കീറി മുഷിഞ്ഞ ഉടുപ്പിനു പകരം നല്ല ഉടുപ്പണിയിക്കാൻ ചിലർക്കാഗ്രഹം. പലരും തങ്ങളുടെ ചമയപ്പെട്ടികൾ പരിശോധിച്ചു. ചാന്തും കണ്മഷിയും പൊട്ടും വളയും ഒക്കെ എടുത്തു തയ്യാറാക്കി വച്ചു.

അധികാരികളുടെ അടുത്തു നിന്നും അവൾ പതുക്കെ, മടിച്ചുമടിച്ച് കൂട്ടുകാരുടെ ഇടയിലേക്കു നടന്നു.

*“ചീപ്പും റിബണുമായൊരുവളെത്തി*
*ചാന്തും കൺമഷിയുമായ് മറ്റൊരുത്തി.*
*കുപ്പിവളകളും കല്ലിന്റെ മാലയും*
*കൂട്ടുകാരിക്കായി കൊണ്ടുവന്നു.”*

എന്നാൽ പെട്ടെന്നുതന്നെ അടുക്കളയിൽ നിന്നും ആരോ വന്ന് അവളെ കൂട്ടിക്കൊണ്ടുപോയി.

പാവം! ആദ്യം അവളുടെ വിശപ്പടങ്ങട്ടെ. എല്ലാവരും കൗതുകത്തോടെ കാത്തുനിന്നു.

ബാലികാസദനത്തിലെ കൂട്ടുകാരികളുടെ ആവേശം ഒന്നു കാണേണ്ടതുതന്നെ.

*“സ്വയമൊന്നൊരുങ്ങുവാൻ*
*കൊതിക്കാത്തവർപോലും*
*ഇളയോരെ ചമച്ചെടു-*
*ത്താസ്വദിപ്പതുകാണാം...”*

പാറിപ്പറക്കുന്ന മുടിയുമായി കീറിപ്പറിഞ്ഞ ഉടുപ്പുമായി വൃത്തികെട്ട കോലത്തിലെത്തിയ ആ പെൺകുട്ടിയെ നിമിഷനേരംകൊണ്ട് കുളിപ്പിച്ച് ഒരുക്കി മിനുക്കി. അവളുടെ അമ്മപോലും ഇപ്പോ കണ്ടാൽ ഒന്നു സംശയിച്ചു നിന്നുപോകും.

അവളൊരു സുന്ദരിയായി.

ഈ കൊച്ചു സുന്ദരിയുടെ പേരെന്താണ്?

*“സുന്ദരിമോളേ നിൻ പേരെന്താണ്?*
*കൂട്ടത്തിലാരാണ്ടു ചോദിക്കുന്നു*
*മടിച്ചുമടിച്ചവൾ ചൊല്ലിടുന്നു*

**പേരിനെന്നപോലെ ഹേമലതയുടെ ജീവിതത്തിനും മാറ്റങ്ങൾ വന്നു. പള്ളിക്കൂടം കണ്ടിട്ടില്ലാത്ത ഹേമലത ഇന്നൊരു സ്റ്റൈലൻ സ്കൂൾ വിദ്യാർഥിനിയാണ്. ഇരുവശവും തലമുടി മെടഞ്ഞിട്ട്, റിബൺ കെട്ടി യൂണിഫോമിട്ട് സ്കൂൾബാഗും തോളത്തിട്ട് പോകുന്ന ഹേമലത എവിടെ? പഴയ കാളിയെവിടെ?**

*കാളിയെന്നെല്ലാരും വിളിച്ചിടുന്നു*
*എങ്കിലും മേലിൽ ഞാൻ കാളിയല്ല*
*ഹേമലതയെന്ന പേരുപോരും.”*

*‘എല്ലാർക്കും സമ്മതം, നല്ല പേര്-*
*ഹേമലതയാണിവൾക്കു ചേർച്ച.’*

അതെ, കാളി എന്ന പേരിനേക്കാൾ ഏവർക്കും ഇഷ്ടപ്പെട്ടത് ഹേമലത എന്ന പേരുതന്നെയാണ്.

പേരിനെന്നപോലെ ഹേമലതയുടെ ജീവിതത്തിനും മാറ്റങ്ങൾ വന്നു. പള്ളിക്കൂടം കണ്ടിട്ടില്ലാത്ത ഹേമലത ഇന്നൊരു സ്റ്റൈലൻ സ്കൂൾ വിദ്യാർഥിനിയാണ്. ഇരുവശവും തലമുടി മെടഞ്ഞിട്ട്, റിബൺ കെട്ടി യൂണിഫോമിട്ട് സ്കൂൾബാഗും തോളത്തിട്ട് പോകുന്ന ഹേമലത എവിടെ? പഴയ കാളിയെവിടെ? തെരുവിലലഞ്ഞു നടന്ന അവൾ ഇപ്പോഴൊരത്ഭുതമായി എന്നു പറഞ്ഞാൽ മതി. ഒന്നാം പാഠം അവളുടെ കൂട്ടുകാരിയായി. പലതരം കളികൾ അവൾക്കിന്നു സുപരിചിതമാണ്.

*‘പാട്ടുപാടും കവിതചൊല്ലും*
*തമിഴ് കഥകളുമേറെ പേശും*
*കൂട്ടുകൂടിയാട്ടമാടും*
*പണികൾ ചെയ്യാനൊപ്പം കൂടും*
*കളിക്കളരിയിലെത്തിയെന്നാൽ*
*ഹേമയിന്നൊരു താരറാണി.’*
*(പാട്ടുപാടും... താരറാണി)*

നാളുകൾ നീങ്ങി... മാസങ്ങൾ തന്നെ കഴിഞ്ഞു. ഓണക്കാലം മെല്ലെവന്നടുക്കുകയാണ്. ബാലികമാർക്ക് ആവേശമായി. സദനത്തിലെ അധികാരികളുമായുള്ള സല്ലാപങ്ങൾക്കിടയിൽ കുട്ടികൾ പുതുപുത്തൻ ആഗ്രഹങ്ങളും ആവശ്യങ്ങളും അവതരിപ്പിച്ചു.

*“അത്തപ്പൂക്കളം വേണം*
*ആലാത്തൂഞ്ഞാലാടീടേണം*
*പർപ്പടം, പരിപ്പുസദ്യ-*
*പായസം പലതുവേണം*
*ഓണക്കളികൾ വേണം*
*പ്രദർശനം കാണാൻ പോണം*

*ആശകളൊന്നൊന്നായി-*
*ട്ടെല്ലാരും മുന്നിൽ വച്ചു. (അത്ത....വച്ചു)*

ഹേമലത മാത്രം ഒരാഗ്രഹവും അവതരിപ്പിച്ചില്ലെന്ന കാര്യം ഏവരും ശ്രദ്ധിച്ചു. അധികാരികളും. എന്നാൽ, അവളുടെ ആശ എന്താണെന്ന് വേണ്ടപ്പെട്ടവർ വീണ്ടും വീണ്ടും അന്വേഷിച്ചപ്പോൾ അവൾ മടിച്ചുമടിച്ച് എന്തോ പറയാൻ തുടങ്ങി.

*''കൂട്ടച്ചിലമ്പൊലിയാരവത്തിൻ*
*കൂട്ടിലൊരു കിളികൊഞ്ചൽ കേട്ടു*
*ഓണം വരുന്നേരം തായേ,യെനിക്കൊരു*
*പട്ടുപാവാടയ്ക്കൊരാശയുണ്ട്.''*

അതെ, ഹേമലതയ്ക്ക് സദ്യയും കളികളും സിനിമയും വിനോദയാത്രയും ഒന്നുംവേണ്ട. അവൾക്കാഗ്രഹം ഒരു പട്ടുപാവാടയാണ്. അവളുടെ ആഗ്രഹം എല്ലാവർക്കും ഇഷ്ടമായപോലെ തോന്നി.

ഹേമലതയ്ക്കൊരു പട്ടുപാവാട വാങ്ങാം...

ഓണക്കോടിയുമുടുത്തൊരുങ്ങി കളിച്ചിടാം...

സദനത്തിന്റെ അധികാരികൾ അവൾക്ക് ഉറപ്പുകൊടുത്തു

ഓണത്തിന് ഇനിയും ദിവസങ്ങൾ ബാക്കിയുണ്ട്. അവൾ ഓണലഹരിയുമായി രാത്രിയും പകലും പട്ടുപാവാട സ്വപ്നം കണ്ടു.

*''മാവേലി പാട്ടുമുഴങ്ങി സദനത്തിൽ*
*തമിഴൊച്ചയിൽ പാടി ഹേമലത*
*കൊച്ചുടുപ്പുമിട്ടു ദാവണിയും ചുറ്റി*
*ഹേമ കളിച്ചൊരു ടീച്ചറായി*
*തമിഴിൽ പഠിപ്പിക്കും ടീച്ചറിൻ ക്ലാസ്സുകൾ*
*സദനത്തിലെല്ലാരും നോക്കി നിന്നു.''*

പക്ഷേ, ആ നാടകം അധികദിവസം തുടർന്നില്ല. സൗധങ്ങൾ കെട്ടിപ്പൊക്കിയിട്ട്, അതേ നിമിഷം തന്നെ ഒരു കുലുക്കത്തിൽ എല്ലാം തട്ടി ഉടയ്ക്കും

ഓണമെത്തും മുമ്പേ അത്തപ്പൂക്കളം ഒരുക്കും മുമ്പേ, ഊഞ്ഞാലിടും മുമ്പേ, ഓണക്കോടിയെടുക്കും മുമ്പേ ഒരു ദുരന്തംപോലെ സദനമുറ്റത്തേക്ക് ഒരു രൂപം കയറി വന്നു.

*''മങ്ങി നാറിയ ചേല ചുറ്റി*
*മുഖത്താകെ ക്രൗര്യ മേറ്റി*
*തോളത്തു മാറാപ്പു മേന്തി*
*വിറച്ചുതുള്ളി പാഞ്ഞടുത്തു.*

**ഓണമെത്തും മുമ്പേ അത്തപ്പൂക്കളം ഒരുക്കും മുമ്പേ, ഊഞ്ഞാലിടും മുമ്പേ, ഓണക്കോടിയെടുക്കും മുമ്പേ ഒരു ദുരന്തംപോലെ സദനമുറ്റത്തേക്ക് ഒരു രൂപം കയറി വന്നു.**
**"എങ്കെയെൻ കാളിപൊണ്ണ്?**
**തിരുപ്പി താങ്കെൻ കാളിപ്പൊണ്ണെ."**



*എങ്കെയെൻ കാളിപൊണ്ണ്?*
*തിരുപ്പി താങ്കെൻ കാളിപ്പൊണ്ണെ.''*

അതെ, അതു ഹേമലതയുടെ അമ്മയാണ്. അല്ല കാളിയുടെ അമ്മ. ശപിച്ചു തുള്ളികൊണ്ട് പാഞ്ഞടുക്കുന്നു. ഒപ്പം പോലീസുകാരുമുണ്ട്. പഴയമാതിരി കോടതി ഉത്തരവുമുണ്ട്. ബാലികാസദനത്തിന്റെ അധികാരികൾ നീതിപീഠത്തിന്റെ ഉത്തരവിനു മുന്നിൽ നിസ്സഹായരായി നിന്നു. എങ്കിലും വ്യർഥമാണ് എന്നറിയാമെങ്കിലും വെറുതെ പറഞ്ഞുനോക്കി.

*''കൊണ്ടുപോകല്ലേ നിങ്ങൾ*
*പാവമീ പെൺകുട്ടിയെ*
*പഠിക്കാൻ മിടുക്കിയാ-*
*ണിവിടെ പൊന്നോമന...''*

'പ്ലീസ്, ഈ കുട്ടിയെ കൊണ്ടുപോകരുതേ... അവളെ ഇവിടെ പാർക്കാൻ അനുവദിക്കൂ... അവൾ മിടുക്കികുട്ടിയാണ്. കൂട്ടുകാരുമൊത്ത് അവൾക്കിവിടെ സന്തോഷമാണ്. ഇടയ്ക്കിടയ്ക്ക് വന്നു കണ്ടാൽപ്പോരേ.''

അധികാരികൾ പറഞ്ഞുനോക്കി. പക്ഷേ, ആ തള്ളയ്ക്കൊന്നും കേൾക്കേണ്ട...

ഹേമലത പ്രതികരണശേഷി ഇല്ലാത്തവളെപ്പോലെ മൂകയായി നിന്നു. അവൾ പതിവുപോലെ കുളിച്ചൊരുങ്ങിയിട്ടുണ്ട്. ആരുടെയോ ആജ്ഞകൾ അനുസരിച്ചപോലെ കൈയിലൊരു സഞ്ചിയുമായി അവൾ മുന്നോട്ടുവന്നു. ആ സഞ്ചിക്കകത്ത് എന്തൊക്കെയാണ്...

*''കൊച്ചുടുപ്പുകളുണ്ട്*
*പുതിയതാമൊന്നാം പാഠം*
*പട്ടുകുപ്പായമൊപ്പം*
*പുത്തനാം പാവക്കുട്ടി.*
*ചായപെൻസിലുകളും*
*ചമയപ്പണ്ടങ്ങളും*
*സഞ്ചിതന്നറയ്ക്കുള്ളിൽ*
*ഒളിഞ്ഞങ്ങിരിപ്പുണ്ട്...*

അവൾ സഞ്ചിയുമായി അമ്മയുടെ അടുത്തേക്കു നീങ്ങി. ഹേമലതയുടെ കൂട്ടുകാരികൾക്കു സഹിക്കാൻ കഴിഞ്ഞില്ല. അവരിൽ പലരും വാവിട്ടു കരഞ്ഞു. ഉറക്കെപ്പറഞ്ഞു

*''പോകല്ലേ... പോകല്ലേ... ഹേമക്കുട്ടീ*
*നീയില്ലാതിനിയെന്തോരോണപ്പൂരം...?''*

*അതു കേട്ട് ഹേമലതയുടെ അമ്മ ആക്രോശിച്ചു.*

*''കൊളഞ്ഞു നിൽക്കാതിങ്ങു വാങ്കോ പൊണ്ണേ-*
*ഓണക്കളിയിപ്പോ കാട്ടിത്തരാം...''*

അവൾ നിശ്ശബ്ദയായി സഞ്ചിയും മാറോടടുക്കിപ്പിടിച്ച് അമ്മയുടെ പിന്നാലെ നടന്നു. അമ്മ സഞ്ചി പിടിച്ചുവാങ്ങി പരിശോധിച്ചു. പുസ്തകം വലിച്ചെടുത്ത് ദൂരേക്കെറിഞ്ഞു.

അവളുടെ കൂട്ടുകാരികൾ വീണ്ടും കരഞ്ഞു ചൊല്ലീ.

*''ഹേമലതേ, നീ പോകയാണോ?*
*ഇനിയേതു ജന്മത്തിൽ തമ്മിൽ കാണും.''*

ഹേമലത ഒരുനിമിഷം നിന്നു പിന്തിരിഞ്ഞിട്ടു പതിയെ പറഞ്ഞു.

*''ഹേമലതയല്ല ഞാൻ...*
*ഹേമലതയല്ല ഞാൻ...*
*ഇന്നുമുതലിനി കാളിയാണ്...''*

എന്നു പറഞ്ഞുകൊണ്ട് അവൾ അമ്മയോടൊപ്പം നടന്നുനീങ്ങി. പിന്നാലെ അവളുടെ നിഴലും...

ബാലികാസദനത്തിലെ സർവചരാചരങ്ങളും നിശ്ശബ്ദമായി കണ്ണീരൊഴുക്കി. എവിടുന്നോ വന്ന ഒരിളംകാറ്റ് ഒന്നാം പാഠത്തിന്റെ പേജുകൾ തുരുതുരെ മറിച്ചു. കോഴിയും കുറുക്കനും ഈച്ചയും പൂച്ചയും ആമയും ഒട്ടകവും ആനയും മുയലും ഒക്കെ പുസ്തകത്തിനകത്തിരുന്നുകൊണ്ട് അവളെ യാത്രയാക്കി.

എന്നാൽ ആ ബാലികാസദനത്തിന്റെ മുൻഭാഗത്ത് ഒരു കോണിൽ, നിറഞ്ഞൊഴുകാൻ തുടങ്ങുന്ന കണ്ണീർത്തുള്ളികളെ നിയന്ത്രിച്ചുകൊണ്ട് നിശ്ശബ്ദയായി, നിസ്സഹായയായി ഒരാൾ നിൽക്കുന്നുണ്ട്. ആ നീർത്തുള്ളികൾ അധികമാരും ശ്രദ്ധിച്ചില്ല. ഹേമലതയ്ക്ക് പട്ടുപാവാട വാങ്ങിക്കൊടുക്കാമെന്ന് ഏറ്റിരുന്ന ഒരു സ്ത്രീരൂപം. ആ ബാലികാസദനത്തിന്റെ മേലധികാരി.

അവരുടെ നേത്രങ്ങളിൽ നിറഞ്ഞ നീർത്തുള്ളിക്കു മുന്നിൽ ഈ കഥാപ്രസംഗം കാഴ്ചവച്ചുകൊണ്ട് ഞാൻ പിൻവലിയുന്നു.



ഫോട്ടോഗ്രാഫി ഇഷ്ടമുള്ള എത്ര കൂട്ടുകാരുണ്ട് നിങ്ങൾക്കിടയിൽ? മൊബൈൽ, ഡിജിറ്റൽ, ഡി എസ് എൽ ആർ ക്യാമറകളുപയോഗിച്ച് നിങ്ങൾ ഫോട്ടോ എടുക്കാറില്ലേ? ഇത്തരത്തിൽ നിങ്ങൾ എടുത്ത ഫോട്ടോകളിൽ കൗതുകകരവും രസകരവുമായ ഫോട്ടോകൾ, പ്രകൃതിദൃശ്യങ്ങൾ ഇവയൊക്കെ ഞങ്ങൾക്ക് അയച്ചുതരിക. അതിൽ മികച്ച ഫോട്ടോകൾ തളിരിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം സമ്മാനവും ലഭിക്കും. ഫോട്ടോ അയയ്ക്കേണ്ട വിലാസം: ചീഫ് എഡിറ്റർ, തളിര് മാസിക, സംസ്കൃതംകോളജ് കാമ്പസ്, പാളയം, തിരുവനന്തപുരം 34, email id: thaliru@ksicl.org

17

# പ്രാർഥന

**സുഗതകുമാരി**

ധവള ഹിമഗിരി ശിഖരികൾ മുതലീ-
ക്കടലിൻ കരയോളം
ചലിത ഗംഗാവീചികൾ തഴുകി-
ത്തെളിയും ഹൃദയവുമായ്
ഒരു മഹോജ്ജ്വല ശക്തി വിജൃംഭി-
ച്ചുയരും കൈകളുമായ്
പുതിയൊരിൻഡ്യയെ നിർമിക്കാനൊരു
ജനതതിയുണരട്ടേ!
പഴയഭൂമിയിലുച്ചം നമ്മുടെ
പതാക പാറുന്നൂ!
മിഴിയുയർത്തുവിനാഹ്ലാദത്തിൻ
പൂമഴ പൊഴിയുന്നൂ!
ഇക്കൊടിയുടെ മാനം ഞങ്ങൾ
മറക്കുകയില്ലമ്മേ, അമ്മേ
ഇക്കരളുകൾ നിൻ പാദത്തിൻ
പൂവുകളാണമ്മേ, അമ്മേ
പൂവുകളാണമ്മേ..!



വര: സുധീർ പി വൈ

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# 5 കുഞ്ഞിക്കഥകൾ

**ഉമ തൃദീപ്**

## ആയുസ്സ്

ആവതില്ലെങ്കിലും പറമ്പിൽ എന്തെങ്കിലും പണികൾ ചെയ്തുകൊണ്ടിരിക്കും എപ്പഴും മുത്തശ്ശൻ.

വലിയൊരു കുഴി കുത്തി അതിലേക്ക് ചെന്തെങ്ങിന്റെ തൈ വച്ച് മണ്ണു മൂടിക്കൊണ്ടു നിൽക്കുകയായിരുന്ന മുത്തശ്ശനോട് കുഞ്ഞൂട്ടൻ ചോദിച്ചു:

''ഇതാർക്കാ മുത്തശ്ശാ ഈ തെങ്ങ്?''

''നിന്റെ അച്ഛനുമമ്മയ്ക്കും വേണ്ടീട്ട്, കുഞ്ഞൂട്ടാ...''

''അപ്പൊ ഇനിക്കോ?''

''കുഞ്ഞൂട്ടന് ദോ അത്...'' തലേന്നു നട്ട മാവിൻ തൈ ചൂണ്ടിക്കാട്ടിക്കൊണ്ട് മുത്തശ്ശൻ ചിരിച്ചു. ''നീ മുത്തശ്ശനാവുന്ന കാലം വരെ മാമ്പഴം തിന്നാം.''

''അപ്പൊ മുത്തശ്ശനുവേണ്ടീട്ടോ?'' കുഞ്ഞൂട്ടൻ വീണ്ടും ചോദിച്ചു.

''ഹഹഹ... അതിനല്ലേ ഇത്...''

നടാനായി അടുക്കിവച്ചിരുന്ന വാഴക്കന്നുകളിലൊന്ന് കൈക്കോട്ടുകൊണ്ട് നീക്കിയെടുത്ത്, പല്ലില്ലാത്ത മോണ കാട്ടി മുത്തശ്ശൻ ഉറക്കെയുറക്കെ ചിരിച്ചു. കുഞ്ഞൂട്ടനും ചിരി വന്നു.



വര: ടി ആർ രാജേഷ്

## പിന്നാരൻ കുരുവി

''തുന്നാരൻ കുരുവീ, തുന്നാരൻ കുരുവീ, നീയെങ്ങനെയാ കൂടുകൂട്ടണത്?

എന്തുഭംഗി നിന്റെ കൂടു കാണാൻ!

എനിക്കും കൂടി ഒരു കൂടു തുന്നിത്തരാവോ?''

അമ്മുക്കുട്ടി ചോദിച്ചു.

''അതിനെന്താ, തരാലോ...''

ചിറകിളക്കിക്കൊണ്ട് കുരുവി ചിലച്ചു.

തുന്നാരൻ കുരുവി അമ്മുക്കുട്ടിക്കു ചുറ്റും പറന്ന്, കാൽവിരലുകൾകൊണ്ട് അവളുടെ നീളൻ മുടിയിഴകളെ മൂന്നായി പകുത്ത്, കുഞ്ഞിക്കൊക്കുകൊണ്ട് അതിനെ പരസ്പരം ഇഴചേർത്ത്, ഒന്നാന്തരമായി പിന്നിയിട്ടുകൊടുത്തു.

അഴകുള്ള മുടിപ്പിന്നൽ ചുമലിലൂടെ മുന്നിലേക്കിട്ട് അമ്മുക്കുട്ടി കുടുകുടെച്ചിരിച്ചു. ''നീ തുന്നാരനല്ല. പിന്നാരൻ. പിന്നാരൻ കുരുവി...!''

## വെള്ളക്കുപ്പായ വർണങ്ങൾ

ഓണാവധികഴിഞ്ഞ് പള്ളിക്കൂടം തുറന്നു. കുട്ടികളെല്ലാം ഓണക്കോടിയുടുത്ത് പൂമ്പാറ്റകളായി വന്നു.



സ്നേഹയ്ക്ക് ഇളംനീല നിറമുള്ള നീളനുടുപ്പ്. ആഷിക്കിന്റെ പുത്തൻ ജീൻസിൽ സ്വർണ ബക്കിളുള്ള സ്റ്റൈലൻ ബെൽറ്റ്.

ഇരട്ടക്കുട്ടികൾ അലീനയ്ക്കും അഥീനയ്ക്കും ഒരേ പോലുള്ള പാട്ടുപാവാട.

ദിയ ചുറ്റും നോക്കി.

എല്ലാർക്കും നിറമുള്ള ഉടുപ്പുകൾ. എനിക്കുമാത്രം വെള്ളയുടുപ്പ്.

അവൾക്കു കരച്ചിൽ വന്നു.

വെള്ളയുടുപ്പിന്റെ തുഞ്ചത്തെ വെള്ളിക്കിന്നരിയും, കഴുത്തിനുചുറ്റും തുന്നിപ്പിടിപ്പിച്ച വെളുത്ത മുത്തുകളും നെഞ്ചിൽ വെള്ളപ്പട്ടുനൂലാൽ തുന്നിച്ചേർത്തിരുന്ന ചിത്രശലഭവുമൊന്നും അവളെ സന്തോഷിപ്പിച്ചില്ല.

''എന്തേ ദിയയ്ക്കൊരു സങ്കടം?''

അമ്പിളി ടീച്ചർ അടുത്തു വന്ന് അവളുടെ കവിളിൽ തൊട്ടു. കടും മഞ്ഞയിൽ ചുവന്ന പൂക്കളുള്ള ടീച്ചറുടെ ഭംഗിയുള്ള സാരി കണ്ടപ്പോൾ അവൾക്ക് സങ്കടം കൂടി.

''എല്ലാർക്കും നിറങ്ങൾ. ചോപ്പുമ്പച്ചേന്നീലേം... എനിക്കുമാത്രം...'' ദിയ വിതുമ്പി.

''ദാ .. ദിയക്കുട്ടീടെ പുത്തൻ വെള്ളയുടുപ്പിന് എന്താ ഭംഗി! മാലാഖയെപ്പോലുണ്ട്.''

അമ്പിളിടീച്ചർ പാദംതൊട്ടുകിടന്നിരുന്ന അവളുടെ ഫ്രോക്കിൻ തുമ്പുയർത്തി വിശറിപോലെ വിടർത്തിക്കാണിച്ചു.

''വേണ്ട.. അല്ല...''

ദിയ പിടി വിടുവിച്ച് പിന്നിലേക്കുനീങ്ങി മുഖംപൊത്തി.

'' ദിയാ, ഇതു നോക്ക്യേ...''

ടീച്ചറുടെ ശബ്ദം കേട്ട് അവൾ കൈകൾ മാറ്റി കണ്ണു തുറന്നു നോക്കി. ചുറ്റും വർണക്കുമിളകൾ !

ഒരു കുഞ്ഞിക്കുഴലിലൂടെ അമ്പിളിടീച്ചർ ഊതിപ്പറത്തുന്ന കുമിളകൾ അവളുടെ വെള്ളയുടുപ്പിലാകെ പറന്നുപറ്റിയിരുന്നു. നീലയും പച്ചയും മഞ്ഞയും ചുവപ്പുമെല്ലാം കലർന്ന കുമിളകൾ അവളുടെ വെള്ളയുടുപ്പിനെ വർണാഭമാക്കി.

ദിയ കൈകൊട്ടിച്ചിരിച്ചുകൊണ്ട് വർണക്കുമിളകൾക്കൊപ്പം ചുവടുവച്ചു.



# കുന്നിക്കുരുവും മഞ്ചാടിയും


മഞ്ചാടിക്കുരു കുന്നിക്കുരുവിനോട് ചോദിച്ചു.

''നിനക്കുമാത്രമെന്താ ഒരു കണ്ണ്? കറുകറുത്ത ഒരു ഒറ്റക്കണ്ണ്! എനിക്കില്ലല്ലോ.''

''അതോ?''

ഒറ്റക്കണ്ണൊന്നടച്ചുതുറന്ന് കുന്നിക്കുരു പറഞ്ഞു.

''നീയൊരു മരമല്ലേ. കണ്ണില്ലെങ്കിലും മേലേക്ക് വളർന്നോളും. വളർന്നു വലുതാകും. എന്നാൽ എന്നെക്കണ്ടില്ലേ. പാവമൊരു വള്ളിച്ചെടി. പടർന്നു വളരാനൊരു താങ്ങിനായി ചുറ്റും നോക്കിയേ പറ്റൂ. അതിനൊരു ഒറ്റക്കണ്ണെങ്കിലും കൂടിയേ തീരൂ...''



# വർണ്ണമഴ പെയ്യുംനേരം





ഒരുനാൾ പെട്ടെന്ന് വർണ്ണമഴ പെയ്യാൻ തുടങ്ങി.

പലനിറത്തിൽ മഴത്തുള്ളികൾ!

മഴവെള്ളം പലനിറങ്ങളൊത്തു ചേർന്നു ചാലിട്ടൊഴുകി.

മഴതോർന്ന കാലം മണ്ണിലാകെ കുഞ്ഞിത്തൈകൾ മുളച്ചു.

ചോന്നമഴ വീണിടത്ത് മുളച്ച തൊക്കെ ചെമ്പരത്തിയായി.

മഞ്ഞമഴയേറ്റ മണ്ണിലെല്ലാം ജമന്തിച്ചെടികൾ മുളച്ചു.

നീലമഴ വീണിടത്തോ ശംഖുപുഷ്പത്തൈകൾ കിളിർത്തു.

അപ്പോൾ ഈ പൂവില്ലാച്ചെടികളിലൊക്കെ വീണത് പച്ചമഴത്തുള്ളികളായിരിക്കുമോ?

# കണ്ടുവോ?

രാജു പാമ്പാടി

കണ്ടുവോ മെഴുകിൻതിരി ശാന്തമായ്
വെട്ടമെല്ലാർക്കുമേകി നിന്നീടുന്നു.
പൊൻപ്രകാശം പൊഴിച്ചു നിന്നിടുന്നു
കുറ്റിരുട്ടിനെ നീക്കിക്കളയുവാൻ,
കത്തിക്കത്തിയില്ലാതെയാവുന്നു

കണ്ടുവോ മരം വെയ്ൽ കൊണ്ടു നിൽക്കുന്നു
തൻ കുളിർ തണലേകുന്നിതേവർക്കും
മഴയത്തൊരു കുടയായി നിവരുന്നു
ഇലകൾക്കിടെ കിളികുലം വാഴുന്നു.

കണ്ടുവോ കടൽ ചൂടിൽ തിളയ്ക്കുന്നു,
കരയിലേക്ക് കുളിർകാറ്റ് വീശുന്നു.
തിരയായ് വന്നു പാദം നനയ്ക്കുന്നു,
മഴയായ് വന്നു തണുപ്പിച്ചു ഭൂവിനെ.

കണ്ടുവോ ത്യാഗഭൂമിയിൽ ജീവിച്ച
മുൻതലമുറയുടെ വീരചരിത്രങ്ങൾ,
സത്യവും സ്നേഹവും സമാധാനവും
സംരക്ഷിച്ചൊരാ പുണ്യചരിതങ്ങൾ.

കണ്ടുവോ കണ്ണീരൊപ്പുവാനായിര-
മായിരമായ് ഉയർന്നിടും കയ്യുകൾ,
കണ്ടിടാം നിറയുന്ന വയലുകൾ
നല്ലകാലം പുലരുന്ന നാളുകൾ.

വര: ടി ആർ രാജേഷ്



# ഹൃദയത്തിന്റെ ആകൃതിയുള്ള ബലൂണുകൾ

പ്രേമജ ഹരീന്ദ്രൻ

അവധിദിവസത്തെ വൈകുന്നേരമായതിനാൽ കടൽക്കരയിൽ നല്ല തിരക്കുണ്ടായിരുന്നു. അല്പം തിരക്കു കുറഞ്ഞ സ്ഥലം നോക്കിയാണ് ഞാൻ ഇരുന്നത്. എന്റെ കൊച്ചുമകൾ അവളുടെ അമ്മയോടൊപ്പം കടലിൽ കളിക്കുന്നതും നോക്കി ഞാനിരുന്നു. അപ്പോഴാണ് പിറകിൽ നിന്നും ആ ശബ്ദം കേട്ടത്.

''സാർ, ബലൂൺ വേണമാ?''

''വേണ്ട വേണ്ട.''

തിരിഞ്ഞുനോക്കാതെ തന്നെ ഞാൻ മറുപടി പറഞ്ഞു.

''അത് ഏൻ സാർ? ഏൻ ബലൂണുകൾ പാക്കാമലയെ വേണ്ടാന്ന് സൊൾറിങ്കളെ?''

നല്ല ആത്മവിശ്വാസമുള്ള തെളിഞ്ഞ ശബ്ദം. ഞാൻ അറിയാതെ തിരിഞ്ഞുനോക്കിപ്പോയി.

പത്തു പതിമൂന്ന് വയസ്സ് പ്രായം വരുന്ന ഒരു ആൺകുട്ടി. കൈയിൽ, ഹൃദയത്തിന്റെ ആകൃതിയുള്ള കുറേ വർണ ബലൂണുകൾ.

''ശരി, ഇപ്പോൾ കണ്ടു. പക്ഷേ എനിക്ക് ബലൂൺ വേണ്ടല്ലോ.'' ഞാൻ ചിരിച്ചുകൊണ്ടു പറഞ്ഞു. അവന്റെ മുഖം മങ്ങി .

''അയ്യോ... അപ്പടി സൊല്ലാത്കോ സാർ. ഇതു മുളുസ വിറ്റ് പോകലേനാ അമ്മാവുക്ക് സങ്കടമാവും.''

''ഓ, അങ്ങനെയാണല്ലേ? അമ്മയാണല്ലേ നിന്നെക്കൊണ്ട് ഈ ബലൂൺ വിൽപ്പിക്കുന്നത്! എന്താ നിന്റെ പേര്? എവിടെയാ വീട്?''

''പളനി'' അവൻ കടൽക്കരയിൽ നിന്ന് അല്പം മാത്രം ദൂരെയുള്ള, നാടോടികളുടെ ചേരിയിലേക്ക് കൈ ചൂണ്ടി .

''അങ്കെ താൻ ഏൻ വീട്.''

അപ്പോഴേക്കും എന്റെ കൊച്ചുമകൾ അടുത്തെത്തിയിരുന്നു. അവൾ കൗതുകത്തോടെ അവന്റെ, എണ്ണമെഴുക്ക് കലർന്ന മുഖത്തേക്കും ആ വർണ ബലൂണുകളിലേക്കും മാറിമാറി നോക്കി.

''ഇതെന്താ ഇങ്ങനെ ബലൂണും വിറ്റു നടന്നാ മതിയോ? സ്കൂളിലൊന്നും പോകണ്ടേ?''

എന്റെ ചോദ്യം കേട്ടപ്പോൾ അവന്റെ മുഖത്തു നിന്നും മാഞ്ഞുപോയ ചിരി വീണ്ടും തെളിഞ്ഞു.

''ഇന്ന് ഞായറാഴ്ചയല്ലേ സാർ. ഞാൻ സ്കൂളിൽ പോവാറുണ്ട്. ക്ലാസിൽ ഞാനാ ഫസ്റ്റ്.''

സ്കൂളിന്റെ കാര്യം പറഞ്ഞപ്പോഴേക്കും അവന്റെ സംസാരം നല്ല ശുദ്ധ മലയാളത്തിലായി എന്ന് ഞാൻ ശ്രദ്ധിച്ചു.

''ഓ, നീ മിടുക്കനാണല്ലോ. നന്നായി മലയാളം പറയുന്നുണ്ടല്ലോ. സ്കൂളിൽ നിന്ന് പഠിച്ചതാണോ ഇത്ര നല്ല മലയാളം?''

''ആമാ സാർ. നമ്മ വീട്ടില് തമിൾ താൻ പേശും. അത് നമ്മ മൊഴി. സാറിന് ഒരു കാര്യം



വര: സുജിത് പി വി

കാണണോ?''

അവൻ ധൃതിയിൽ കീശയിൽ നിന്ന് പേഴ്സെടുത്തു. അതിൽ മടക്കി മടക്കി ചെറുതാക്കി ഭദ്രമായി സൂക്ഷിച്ച ഒരു കടലാസ് സൂക്ഷ്മതയോടെ വിടർത്തി എനിക്കു നീട്ടി. ഒരു പത്രക്കട്ടിംഗായിരുന്നു അത്.

'പളനി കുട്ടയിൽ ജീവിതം നെയ്യുന്നു' എന്ന തലക്കെട്ടോടെ ഒരു വാർത്ത. സംസ്ഥാനതല പ്രവൃത്തി പരിചയമേളയിൽ സമ്മാനാർഹനായതിനെക്കുറിച്ചാണ്. പളനിയുടെ ഫോട്ടോയുമുണ്ട്.

''ഓ! നീ ശരിക്കും ആളൊരു മിടുമിടുക്കനാണല്ലോ.''

അവൻ ചിരിച്ചു .

''ഞാൻ എന്നും കുട്ടകളുണ്ടാക്കി വിൽക്കാറുണ്ട് സാർ. അങ്ങനെ എന്റെ അമ്മയെ സഹായിക്കാലോ... വീട്ടിൽ ഞാനും അമ്മയും മാത്രേയുള്ളൂ. അമ്മയ്ക്ക് ഇടയ്ക്ക് അസുഖം വല്ലാതെ കൂടും. അപ്പോഴാ കഷ്ടം.''

ഏറ്റവുമടുത്ത ആരോടോ എന്ന പോലെ അവൻ നിർത്താതെ പറയുകയാണ്.

''കുറച്ചു ദിവസമായി കുട്ടകൾ തീർന്നുപോയി സാർ. അതാ ബലൂൺ.''

''ശരി, ഞാൻ വാങ്ങാം. നിന്റെ ബലൂണിനെന്താ വില?''

''അഞ്ചു രൂപാ സാർ.''

''ആകെ എത്രയെണ്ണമുണ്ട്? ആകെ വില പറ.''

''പത്തെണ്ണം. പത്ത് ഗുണം അഞ്ച് അമ്പത്... അമ്പതു രൂപാ സാർ.''

ഞാൻ അൻപതു രൂപ പളനിക്ക് കൊടുത്തു. അവന്റെ കൈയിലെ ബലൂണുകൾ വാങ്ങി കൊച്ചുമകൾക്ക് കൊടുത്തു.

എന്നെ അതിശയിപ്പിച്ചുകൊണ്ട് അവൾ അതിൽ നിന്നും ഒന്നു മാത്രമെടുത്ത് ബാക്കി അവനു നേരെ നീട്ടി.

പളനി അതു വാങ്ങാൻ മടിച്ചു.

**അല്പസമയം കഴിയുമ്പോഴേക്കും ഇരുട്ടു പരക്കാൻ തുടങ്ങി. ഞങ്ങൾ വീട്ടിലേക്കു മടങ്ങി. നാടോടികൾ താമസിക്കുന്ന ചേരിക്കരികിലെത്തിയപ്പോൾ കുറേ കുട്ടികളുടെ ഉറക്കെയുള്ള പൊട്ടിച്ചിരികളും ബഹളവും കേട്ടു. കുറേ നാടോടിക്കുട്ടികൾ കളിക്കുകയാണ്. എല്ലാവരുടെ കൈയിലും ഓരോ ബലൂണുണ്ട്. ഹൃദയത്തിന്റെ ആകൃതിയുള്ള ബലൂൺ.**

''വേണ്ട സാർ, അതു ഞാൻ വിറ്റതല്ലേ. എനിക്ക് വെറുതെ പണം വേണ്ട സാർ.''

''ചേട്ടൻ കളിച്ചോളൂ.'' കൊച്ചുമകൾ പറഞ്ഞു .

''അയ്യോ! ഞാൻ ബലൂൺ കൊണ്ട് കളിച്ചിട്ടേയില്ല. ഞാൻ മാത്രമല്ല എന്റെ കൂട്ടുകാരും. ഇത് ഇപ്പോ നിങ്ങളുടെ ബലൂണാ. എനിക്ക് വേണ്ട.''

''വാങ്ങിച്ചോ. നിന്റെ കൂട്ടുകാരി തരുന്നതാണെന്ന് കരുതിയാൽ മതി. വേണമെങ്കിൽ നിനക്കത് ഇനീം ആർക്കെങ്കിലും വിൽക്കാമല്ലോ. നാൽപ്പത്തഞ്ച് രൂപ കിട്ടൂലേ.''

കൊച്ചുമകൾ നീട്ടിയ ബലൂൺ ഇപ്പോൾ അവൻ ചിരിച്ചു കൊണ്ടാണ് വാങ്ങിയത് .

'റൊമ്പ നന്ദി' എന്നു പറഞ്ഞ് അവൻ ഓടിപ്പോയി.

അല്പസമയം കഴിയുമ്പോഴേക്കും ഇരുട്ടു പരക്കാൻ തുടങ്ങി. ഞങ്ങൾ വീട്ടിലേക്കു മടങ്ങി. നാടോടികൾ താമസിക്കുന്ന ചേരിക്കരികിലെത്തിയപ്പോൾ കുറേ കുട്ടികളുടെ ഉറക്കെയുള്ള പൊട്ടിച്ചിരികളും ബഹളവും കേട്ടു.

കുറേ നാടോടിക്കുട്ടികൾ കളിക്കുകയാണ്. എല്ലാവരുടെ കൈയിലും ഓരോ ബലൂണുണ്ട്. ഹൃദയത്തിന്റെ ആകൃതിയുള്ള ബലൂൺ.

''അപ്പൂപ്പാ, ദാ പളനി.''

കൊച്ചുമകൾ ചിരിച്ചുകൊണ്ട് അവരുടെയടുത്തേക്ക് ഓടിപ്പോയി. പിറകെ ഞാനും.

ആ കുട്ടികളുടെ നടുവിൽ പളനിയുണ്ടായിരുന്നു. ഇപ്പോ അവന്റെ ചിരിക്ക് നേരത്തേതിലും തിളക്കമുണ്ടായിരുന്നു എന്നു ഞാൻ കണ്ടു.



# വെട്ടം

സിന്ധു എൻ പി



വര: ആശ ആർ



പട്ടമായ് ഞാൻ
പറന്നങ്ങു പൊങ്ങി
മേഘജാലങ്ങളിൽ
ച്ചെന്നു തങ്ങി!
താഴെ ഭൂമിയിൽ
കുന്നും മലകളും
നൂറു നൂറു
മരങ്ങളും പൂക്കളും
കൺമിഴിച്ചെന്നെ
നോക്കിയിരുന്ന്
വിണ്ണിനെത്തൊടാൻ
വെമ്പി വളർന്നു !
പട്ടമായിപ്പറന്നു
നടന്ന്,
വിണ്ണിലെല്ലാ
മലഞ്ഞു തളർന്ന്
താരകപ്പൊൻ
തരികൾ പുരണ്ട്
മിന്നി മിന്നി
ത്തിളങ്ങാൻ തുടങ്ങി.
സൂര്യനെ ചുറ്റി
യോടുന്ന ഗോളം
വാലു പോലെയാം
ധൂളീ പടലം
ഒക്കെയുള്ളിലടക്കി
വിശാല
മാനസം പോലെ
യീ സ്വർഗ്ഗലോകം!
കണ്ടു കണ്ടങ്ങു
ഞാൻ പറക്കുമ്പോൾ
ദൂരെയമ്പിളി
പ്പൊൻ കുടം കണ്ടു.
തൊട്ടു നോക്കണെ
മെന്നൊരു മോഹം
ഞാനടുത്തേക്കു
മെല്ലെപ്പറന്നു .
ഹെന്ത്! ഇതെൻ നൂല്
വക്കിൽ കുരുങ്ങി
അമ്പിളിപ്പൊന്നു പാത്രം
ചെരിഞ്ഞു!
എന്തു ചെയ്യാൻ,
അതിൽ നിറച്ചുള്ള
വെട്ടമൊക്കെയും
ഭൂവിൽപ്പരന്നു!

കഥ

# ഉണ്ണിക്കുട്ടനും ചങ്ങാതിമാരും

**സ്മിത എസ് നായർ, ഉമർഗാവ്**

കൊള്ളം വള്ളി അതി മനോഹരമായ ഒരു ഗ്രാമ പ്രദേശമാണ്. കൊള്ളം വള്ളി അമ്പലവും പത്തായപ്പുരയുള്ള വലിയ പറമ്പും അമ്പലക്കോട്ടയും വലിയ നടയും നിറയെ വെള്ളമുള്ള അമ്പലക്കുളവും അതിനോടു ചേർന്നു വായനശാലയും കണ്ണെത്താ ദൂരത്തോളം നീണ്ടു കിടക്കുന്ന പച്ചപ്പാടവും ആ ഗ്രാമത്തിന്റെ പ്രത്യേകതയായിരുന്നു. അമ്മുവും മാളുവും ഉണ്ണിക്കുട്ടനും ഉറ്റ ചങ്ങാതിമാരും അയൽക്കാരുമാണ്. അവരുടെ അച്ഛൻമാരും ഒരുമിച്ചു കളിച്ച് ഒരേ സ്കൂളിൽ പഠിച്ച ചങ്ങാതിമാരായിരുന്നു. ഉണ്ണിക്കുട്ടന്റെ അച്ഛൻ ബാങ്ക് മാനേജരാണ്. അമ്മുവിന്റെയും മാളുവിന്റെയും അച്ഛൻ സർക്കാർ സ്കൂളിൽ മാഷാണ്. അവരും ആ സ്കൂളിൽ തന്നെയാണ് പഠിക്കുന്നത്. ഉണ്ണിക്കുട്ടൻ ടൗണിൽ ഉള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിലാണ് പഠിക്കുന്നത്. സ്കൂൾ വിട്ടുവന്നാൽ അമ്മുവും മാളുവും നാലു മണി പലഹാരം കഴിച്ചു ചുറ്റു വട്ടത്തുള്ള കുട്ടികൾക്കൊപ്പം കളിക്കാൻ പോകും.

അമ്പലനടയിലും പത്തായപ്പറമ്പിലും കളിച്ചു തിമർപ്പാണ്. അതു കഴിഞ്ഞ് അച്ഛന്റെ കൂടെ അമ്പല



വര : ബോബി എം പ്രഭ

മലയാളം മിഷൻ



എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

ക്കുളത്തിൽ നീന്തിക്കുളിക്കും. പിന്നെ കെ എം എസ് ലൈബ്രറിയിൽ കയറി പുസ്തകമെടുക്കും. പുസ്തകം തിരഞ്ഞെടുക്കാൻ വായനശാലയിൽ തുളസി ചേച്ചി സഹായിക്കും. കുട്ടികൾക്കുള്ള പുസ്തകം പ്രത്യേകം തരം തിരിച്ചു വെച്ചിട്ടുണ്ട്. മടങ്ങും വഴി കൊള്ളം വള്ളി അയ്യപ്പനെ തൊഴുതു നേരെ വീട്ടിൽ പോവും. അപ്പോഴേക്കും അമ്മ വിളക്ക് വെച്ചിട്ടുണ്ടാവും. മുത്തശ്ശിയോടൊപ്പം നാമം ജപിക്കും. പിന്നെ കുറച്ചു നേരം പഠിക്കും. അത്താഴത്തിനു മുൻപ് കുറച്ചു സമയം എല്ലാവർക്കു മൊപ്പമിരുന്നു ടി വി കാണും. അമ്മുവും മാളുവും ഈ വിശേഷമൊക്കെ പറയുമ്പോൾ ഉണ്ണിക്കുട്ടനു വല്യ സങ്കടമാണ്.

ഉണ്ണിക്കുട്ടന്റെ കാര്യം നേരെ മറിച്ചാണ്. സ്കൂളിൽ നിന്നും വന്നാൽ നേരെ ട്യൂഷൻ ക്ലാസ്സിൽ പോവും. നാലാം ക്ലാസ്സിലേ എത്തിയിട്ടുള്ളുവെങ്കിലും സയൻസിനും കണക്കിനും ഇപ്പൊഴേ പ്രത്യേകം ട്യൂഷൻ തരപ്പെടുത്തിയിട്ടുണ്ട്. ഉണ്ണിക്കുട്ടനെ എഞ്ചിനീയറാക്കാനാണ് അമ്മയ്ക്കിഷ്ടം. അച്ഛന് ഡോക്ടറായി കാണാനും. എന്നാണ് ഉണ്ണിക്കുട്ടൻ കൂട്ടുകാരോട് പറയാറുള്ളത്. അതുകൊണ്ടു തന്നെ അമ്മ കളിക്കാൻ എങ്ങും വിടാറില്ല. ഏതു സമയവും ഭക്ഷണം നിർബന്ധിച്ചും വഴക്കു പറഞ്ഞും കഴിപ്പിക്കും

എപ്പോഴും പഠിക്കാൻ പറഞ്ഞു കൊണ്ടു പിന്നാലെ നടക്കുകയാണ് അമ്മയുടെ പ്രിയപ്പെട്ട വിനോദമെന്ന് ഉണ്ണിക്കുട്ടൻ വളരെ വിഷമത്തോടെ ചങ്ങാതിമാരോടു പറഞ്ഞിരുന്നു. അമ്മുവും മാളുവും ഉണ്ണിക്കുട്ടനൊപ്പം കളിക്കാൻ വീട്ടിൽ വരുന്നത് അമ്മയ്ക്ക് തീരെ ഇഷ്ടമല്ല. ഒരു ദിവസം ഉണ്ണിക്കുട്ടനെ കളിക്കാൻ വിളിച്ചതിനു വഴക്കു പറഞ്ഞത് അമ്മുവിനു വലിയ സങ്കടമായിരുന്നു. ഞായറാഴ്ച ഉണ്ണിക്കുട്ടന്റെ അച്ഛനെ കാണാൻ മാഷ് വീട്ടിൽ വന്നപ്പോൾ അവരതു സൂചിപ്പിക്കുകയും ചെയ്തു.

'മാഷേ ഞാൻ വീട്ടിലേക്കു വരാനിരിക്കുകയായിരുന്നു.' ഉണ്ണിക്കുട്ടന്റെ അമ്മ പറഞ്ഞു.

'എന്തു പറ്റി '? മാഷ് ചോദിച്ചു.

'അമ്മുവിനോടും മാളുവിനോടും ഉണ്ണിക്കുട്ടനെ കളിക്കാൻ വിളിക്കരുതെന്നു പറയണം മാഷേ.'

'അതെന്താ? ഇപ്പൊ കളിച്ചില്ലങ്കിൽ പിന്നെ അവരെപ്പോഴാണ് കളിക്കുക ഉണ്ണീടമ്മേ'

'അതുശരിയാവില്ല മാഷേ ഉണ്ണിക്കുട്ടന്റെ ശ്രദ്ധ കളിയിലായിപ്പോവും.'

'എന്താടാ നീ ഒന്നും മിണ്ടാതെ നിൽക്കുന്നത്?' ഉണ്ണിക്കുട്ടന്റെ അച്ഛനായ തന്റെ ചങ്ങാതിയോട് മാഷ് ചോദിച്ചു.

'നമ്മളൊക്കെ കളിച്ചു വളർന്നവർ അല്ലെ . നമ്മുടെ പഠനത്തിൽ ശ്രദ്ധകുറഞ്ഞില്ലല്ലോ'.


'അതിനു നിങ്ങൾ പഠിച്ചതു പോലെയല്ല. അമ്മുവും മാളുവും പഠിക്കുന്നതു പോലെ സർക്കാർ സ്കൂളിൽ മലയാളം മീഡിയത്തിൽ അല്ല ഉണ്ണിക്കുട്ടൻ പഠിക്കുന്നത്. ഇന്റർനാഷണൽ സ്കൂളിൽ ഇംഗ്ലീഷ് മീഡിയത്തിലല്ലേ?' വളരെ അഭിമാനത്തോടെ അല്പം പരിഹാസം കലർന്നരീതിയിലായിരുന്നു ഉണ്ണിക്കുട്ടന്റെ അമ്മ മറുപടി പറഞ്ഞത്.

'പഴയകാലം ഒന്നുമല്ലല്ലോ ചങ്ങാതി. എവിടെയും മത്സരമാണ്. നല്ല ജോലി കിട്ടണമെങ്കിൽ ചെറുപ്പം മുതലേ ചിട്ടയായ പഠനം വേണം.' ഉണ്ണിക്കുട്ടന്റെ അച്ഛന്റെ സംസാരം ഏറെ വിഷമത്തോടെ മാഷ് കേട്ടു.

'ശരി അമ്മുവിനെയും മാളുവിനെയും ഞാൻ പറഞ്ഞു വിലക്കിക്കോളാം .നല്ല ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സും ബുദ്ധിക്കുണർവുമുണ്ടാവുകയുള്ളൂ. ഒരു അധ്യാപകനെന്ന നിലയ്ക്ക് ഓർമ്മിപ്പിക്കേണ്ടത് എന്റെ കടമയാണ്" അതും പറഞ്ഞു മാഷ് ഇറങ്ങി. അവരുടെ സംസാര മൊക്കെ ഉണ്ണിക്കുട്ടൻ കേൾക്കുന്നുണ്ടായിരുന്നു.

ഉണ്ണിക്കുട്ടന്റെ ലോകം സ്കൂളും പഠനമുറിയും മാത്രമായി മാറി. മഴക്കാലത്തും മഞ്ഞുകാലത്തും വേനൽക്കാലത്തും അസുഖങ്ങൾ പിടിപെടുമെന്നു പറഞ്ഞു പുറത്തിറങ്ങി കളിക്കാൻ അമ്മയും അച്ഛനും

എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം



ഉണ്ണിക്കുട്ടനെ അനുവദിച്ചില്ല.

അമ്മുവും മാളുവും മഴക്കാലത്ത് മുറ്റത്തും പറമ്പിലും മഴയത്തു നനഞ്ഞ് ഓടിക്കളിക്കുന്നതും കടലാസ് വഞ്ചിയുണ്ടാക്കി കളിക്കുന്നതും ഉണ്ണിക്കുട്ടൻ ജനലിലൂടെ നോക്കി. തങ്ങൾ പൂത്തുമ്പിയെ പിടിക്കുന്നതും അപ്പൂപ്പൻതാടിയുടെ പിന്നാലെ ഓടുന്നതും സങ്കടത്തോടെ ഉണ്ണിക്കുട്ടൻ നോക്കുന്നത് അവരും കണ്ടു. അവർ അപ്പൂപ്പൻ താടി കുപ്പിയിലാക്കി ഉണ്ണിക്കുട്ടന്റെ വലിയ വീടിന്റെ മുറ്റത്ത്ചെടികൾക്കിടയിൽ ആരും കാണാതെ ഒളിപ്പിച്ചുവച്ചു. എന്നിട്ട് ഉണ്ണിക്കുട്ടനോട് ആംഗ്യം കാണിച്ചു. എന്നാൽ ഏതു സമയവും പഠിക്കാതെ അപ്പുറത്തെ വീട്ടിലേക്കും റോഡിലേക്കും നോക്കിയിരിപ്പെന്നും പറഞ്ഞ് ഉണ്ണിക്കുട്ടന്റെ അമ്മ അവന്റെ പഠനമുറി മാറ്റി. അതിനിടയിൽ മാഷും കുടുംബവും സ്ഥലംമാറ്റം കിട്ടി ദൂരെ സ്ഥലത്തേക്കു പോയി.

മണ്ണിന്റെ മണം അറിയാതെ, മഴയുടെ സംഗീതം കേൾക്കാതെ, പ്രകൃതിയുടെ സൗന്ദര്യം കാണാതെ ഉണ്ണിക്കുട്ടന്റെ കാലം കടന്നു പോയി. ഉണ്ണിക്കുട്ടൻ വളർന്നപ്പോൾ ആളാകെ മാറിയിരുന്നു. അമിത വണ്ണം കാരണം കോളേജ് പഠനം കഴിയുമ്പോഴേക്കും പലതരം ജീവിതശൈലി രോഗങ്ങൾക്ക് അവൻ അടിമപ്പെട്ടു. എല്ലാം മാസവും മുടങ്ങാതെയുള്ള ചെക്കപ്പിന് അച്ഛനും അമ്മയ്ക്കുമൊപ്പം ടൗണിലെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ വന്നതായിരുന്നു ഉണ്ണിക്കുട്ടൻ. ഡോക്ടർമാരുടെ കൂട്ടത്തിൽ റൗണ്ട്സിനു പോകുന്ന മെഡിക്കൽ വിദ്യാർത്ഥിനിയെ കണ്ട് ഉണ്ണികുട്ടൻ സന്തോഷത്തോടെ ഉറക്കെ വിളിച്ചു.

'അമ്മൂ, അമ്മൂനെന്നെ മനസിലായില്ലേ? ഉണ്ണിക്കുട്ടനാണ്.'

'എടാ തടിയാ, നീ പിന്നെയും തടിച്ചല്ലോ?' അമ്മു കളിയാക്കി.

'തടി മാത്രം അല്ല. കൊളസ്ട്രോളും ഷുഗറും പ്രഷറും ഒക്കെയുണ്ട് ചങ്ങാതി.' ഉണ്ണിക്കുട്ടൻ വിഷമത്തോടെ പറഞ്ഞു.

'മാളു എന്തു ചെയ്യുന്നു മോളെ?' ഉണ്ണിക്കുട്ടന്റെ അമ്മ ചോദിച്ചു.

'അവൾ സിവിൽ സർവീസിനു തയ്യാറെടുക്കുന്നു.' അമ്മു പറഞ്ഞു.

'നീ എന്തു ചെയ്യുകയാണ് ഉണ്ണിക്കുട്ടാ?'

'എൻട്രൻസ് പരീക്ഷയ്ക്കു തയ്യാറെടുക്കുമ്പോൾ ആയിരുന്നു സ്ട്രോക്കു വന്നത്. പിന്നെ പഠനത്തിൽ കൂടുതൽ ശ്രദ്ധകൊടുക്കാൻ പറ്റിയില്ല.' അതീവ ദുഃഖത്തോടെ ഉണ്ണിക്കുട്ടന്റെ അമ്മ പറഞ്ഞു.

'വിഷമിക്കാതെ ആന്റി. ആദ്യം ഈ തടിയൊന്നു കുറക്കണം. അമിത തടി അനാരോഗ്യമാണ്. പിന്നെ ഞാൻ ഉണ്ണിക്കുട്ടനെ നടക്കാനും ഓടാനും നീന്തലിനും ഫുഡ്ബോളും ബാഡ്മിന്റനുമൊക്കെ കളിക്കാൻ കൊണ്ടു പോവും. ഒരു ആറുമാസം കൊണ്ടു ഉണ്ണികുട്ടനെ മിടുക്കനാക്കാം. പക്ഷേ പഴയതു പോലെ കളിക്കാൻ വിളിക്കുന്നതിനു വഴക്കു പറഞ്ഞ് എന്നെ ഓടിക്കരുത്". അമ്മുവിന്റെ സംസാരം എല്ലാവരിലും ചിരിപടർത്തി.

# മലയാളം

രമണി വേണുഗോപാൽ, ദുബായ്

മലരും തളിരും മൊഴിയുന്നല്ലോ
മഹിത മനോഹര മലയാളം
മലനാടിൻ പ്രിയമക്കൾ മൊഴിയും
മധുരം സൗമ്യം മലയാളം
ഇലയും കാറ്റും തുടികൊട്ടുമ്പോൾ
ഇതളായ് വിരിയും മലയാളം
ഇരവും പകലും ശ്രുതിമീട്ടുന്നു
ഈണമിണങ്ങും മലയാളം.
നാടും നഗരവും ഒത്തുരിയാടും
നന്മലയാളം നറുമധുരം
കാടുംമേടും പൂത്തുപടർന്നൂ
കാർത്തികതാരം മലയാളം.

മലയാളമുണരുന്നു കഥകളിപ്പദമായ്
മലയോളമുയരുന്നു മേളപ്പെരുക്കമായ്
മനസ്സാകെ നിറയുന്നു കുടമാറ്റഭംഗിയായ്
മലയാളമൊഴുകുന്നു നിളപോലെ ശാന്തമായ്

ചിരിയിൽ ചാരുത നിറയുമ്പോലെ
സുന്ദരമാണെൻ മലയാളം
കവിതയിൽ കൗമുദി നിറയുന്നല്ലോ
കന്മദവാസിനി മലയാളം
വെയിലിൽ കനലായ് എരിയുമ്പോഴും
വെൺമ തുളുമ്പി മലയാളം
കൈതവമില്ലാക്കാലം വരുവാൻ
കൈത്താങ്ങാവും മലയാളം
ആടിമാസക്കെടുതികൾ നീക്കും
ആവണിഭംഗി മലയാളം
ആതിരക്കുളിരടിമുടി ചൂടും
ആർദ്രഭാവനാ മലയാളം
ആഞ്ഞുകുതിക്കാനാർജവമേകും
ആശാദീപം മലയാളം
അന്നുമിന്നുമീ മാമലനാടിൻ
അഭിമാനശ്രീ മലയാളം
മഹിമയുടെ സംഗീത സാരസമ്പത്തേ
മാനവും മണ്ണും നിറഞ്ഞ പൊൻമുത്തേ
മമതയും പെരുമയും ചേരുന്ന സത്തേ
മലയാളമേ നീ ജയിക്ക നീയമ്മേ.

വര: ബോബി എം പ്രഭ

കവിത

# അവൾ വന്നു

കാപ്പിൽ ഗോപിനാഥൻ

വെയിലാറി തണുവായി
ഇരവിന്റെ വരവായി
പകലോൻ തൻ പണിതീരെ
പടിയിറങ്ങി
നഗരത്തിന്നോരത്തെ
തെരുവിങ്കൽ പാർക്കുന്ന
കിഴവന്റെയുള്ളിലോ,
വേവലാതി.
പകലിന്റെ വരവൊപ്പം
പണി തേടി പോയൊരെൻ
മകൾ തന്റെ വരവെന്തോ
വൈകീടുന്നു
കായുന്ന വയറിന്റെ
പശിയൊന്നടക്കുവാൻ
അവൾ വന്നടുപ്പിലെ
തീ പൂട്ടണം .
തെരുവു വിളക്കിന്റെ
നിഴൽ വന്നു വീടിന്റെ
ചെറുതിണ്ണ മേലേക്കും
കാവലായി.
അകലെയായ് കേൾക്കുന്നു
വരവിന്റെ നിസ്വനം
അവളെത്തി മനസ്സിലെ
അലയടങ്ങി.



വര: സചീന്ദ്രൻ കാറഡുക്ക

# ടോം സോയറുടെ
# സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

പോളി ആന്റി ടോമിന് ഒരു ടീസ്പൂൺ മരുന്നു നൽകി. ആകാംക്ഷയോടെ അതിന്റെ ഫലം കാത്തുനിന്നു. അവരുടെ ആത്മാവിന് സ്വസ്ഥതയായി. ടോമിന്റെ താത്പര്യക്കുറവ് ഉടനടി അപ്രത്യക്ഷമായി. അവർ, അവന്റെ കീഴിൽ ഒരു തീക്കുണ്ഡം ഉണ്ടാക്കിയാൽപ്പോലും അവന് അത്രയും ഉത്സാഹവും ഉണർവും ഉണ്ടാകുമായിരുന്നില്ല.

അസുഖവും ചികിത്സകളും കൊള്ളാം. പക്ഷേ ഇനി അത് തുടരാനാകില്ല. ചികിത്സാവിധികളിൽ നിന്ന് മോചനം കണ്ടെത്താനുള്ള പല വഴികൾ അവൻ ആലോചിച്ചു. വേദനസംഹാരി വളരെ ഇഷ്ടപ്പെട്ടു എന്ന് ഭാവിക്കുന്നതാണ് ഏറ്റവും നല്ലതെന്ന് അവൻ തീരുമാനിച്ചു. അവൻ നിരന്തരം ആ മരുന്ന് ചോദിച്ചുവാങ്ങി കുടിക്കുവാൻ തുടങ്ങി. അതൊരു ശല്യമായി തുടങ്ങിയപ്പോൾ ആന്റി മരുന്നുകുപ്പി അവനു നൽകിയിട്ട് ഇഷ്ടംപോലെ കുടിച്ചോളാൻ പറഞ്ഞു. ടോമിനെ, ആന്റിക്ക് വലിയ വിശ്വാസം ഇല്ലാതിരുന്നതിനാൽ, അവർ രഹസ്യമായി അവനെയും മരുന്നുകുപ്പിയുടെ അളവും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മരുന്നിന്റെ അളവ് ദിവസേന കുറയുന്നുണ്ട്. പക്ഷേ, സ്വീകരണമുറിയിലെ ഒരു വിടവിന്റെ ആരോഗ്യ സംരക്ഷണത്തിനായിട്ടാണ് ടോം ആ മരുന്ന് ഉപയോഗിക്കുന്നതെന്ന് പാവം ആന്റി അറിഞ്ഞില്ല.


വര: റോണി ദേവസ്യ

ഒരുദിവസം ടോം വേദനസംഹാരി മുറിയിലെ വിടവിലേക്ക് ഒഴിച്ചു കൊണ്ടിരുന്നപ്പോൾ ആന്റിയുടെ മഞ്ഞപ്പൂച്ച - പീറ്റർ അവിടെ വന്നുനിന്ന് കൊതിയോടെ നാവു നുണഞ്ഞു.

“നിനക്ക് ഇതു വേണോ? കുടിച്ചിട്ട് പിന്നെ ഇഷ്ടപ്പെ

ട്ടില്ലെങ്കിൽ എന്നെ കുറ്റം പറയരുത്.''

പീറ്റർ, അത് വേണമെന്നുള്ള ഭാവത്തിൽ അവിടെ നിന്നു. ടോം അതിന്റെ വായ് തുറന്ന് വേദനസംഹാരി ഒഴിച്ചു കൊടുത്തു.

പീറ്റർ വായുവിലേക്ക് കുതിച്ചുചാടി. പിന്നീട് ഉറക്കെ കരഞ്ഞുകൊണ്ട് മുറിയിൽ വട്ടത്തിൽ ഓടുകയും ചാടുകയും പൂപ്പാത്രങ്ങൾ മറിച്ചിടുകയും ഒരു ഭീകരാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു. അതിനുശേഷം അവൻ പിൻകാലുകളിൽ ഉയർന്നു നിന്ന് മദോന്മത്തനായതുപോലെ തുള്ളിച്ചാടുകയും തലകീഴായി മറിയുകയും സന്തോഷാധിക്യത്താൽ ഉറക്കെ കരയുകയും ചെയ്തു. വട്ടം കറങ്ങി ഓടുന്നതിനിടയിൽ തന്റെ പാതയിലുണ്ടായിരുന്ന സകല വസ്തുക്കളും മറിച്ചിട്ടു.

പീറ്റർ വായുവിലേക്ക് കുതിച്ചുചാടി. പിന്നീട് ഉറക്കെ കരഞ്ഞുകൊണ്ട് മുറിയിൽ വട്ടത്തിൽ ഓടുകയും ചാടുകയും പൂപ്പാത്രങ്ങൾ മറിച്ചിടുകയും ഒരു ഭീകരാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു. അതിനുശേഷം അവൻ പിൻകാലുകളിൽ ഉയർന്നു നിന്ന് മദോന്മത്തനായതുപോലെ തുള്ളിച്ചാടുകയും തലകീഴായി മറിയുകയും സന്തോഷാധിക്യത്താൽ ഉറക്കെ കരയുകയും ചെയ്തു. വട്ടം കറങ്ങി ഓടുന്നതിനിടയിൽ തന്റെ പാതയിലുണ്ടായിരുന്ന സകല വസ്തുക്കളും മറിച്ചിട്ടു.

പോളി ആന്റി കയറിവന്നപ്പോൾ പീറ്റർ പൂച്ച തലകീഴായി ചാടുന്നതും പിന്നീട് ജനലിലൂടെ പൂച്ചട്ടികളും മറിച്ചിട്ട് പാഞ്ഞുപോകുന്നതും കണ്ടു. ഒന്നും മനസ്സിലാകാത്ത ആന്റി അത്ഭുതത്തോടെ പൂച്ചയെ നോക്കി നിന്നപ്പോൾ ചിരി അടക്കാനാകാതെ ടോം തറയിൽ കിടന്നുരുണ്ട് പൊട്ടിച്ചിരിച്ചു.

''ടോം, ആ പൂച്ചയ്ക്കെന്താ സംഭവിച്ചത്?''

''എനിക്കറിയില്ല.'' കിതയ്ക്കുന്നതിനിടയിൽ ടോം പറഞ്ഞു.

''അവൻ ഇന്നുവരെ ഇങ്ങനെ ചാടിമറിഞ്ഞിട്ടില്ല. അവന് എന്താ സംഭവിച്ചത്?''

''സത്യമായിട്ടും എനിക്കറിയില്ല. പൂച്ചകൾക്ക് നല്ല രസം തോന്നുമ്പോൾ അവർ അങ്ങനെ ചെയ്യാറുണ്ട്.''

''ഓഹോ... അവർ അങ്ങനെ ചെയ്യാറുണ്ട് അല്ലേ?''

അവരുടെ സ്വരത്തിന്റെ ഭാവഭേദത്തിൽ നിന്ന് എന്തോ കുഴപ്പമുണ്ടെന്ന് ടോം മനസ്സിലാക്കി.

ആന്റി കുനിഞ്ഞ്, തറയിലേക്കു നോക്കിയപ്പോൾ ടോം അവരെ ശ്രദ്ധിച്ചു. ഇനി രക്ഷയില്ല. ടീസ്പൂണിന്റെ പിടി അവർ കൈയിലെടുത്തു കഴിഞ്ഞു. ടോം കണ്ണുകൾ മാറ്റി. ആന്റി പതിവുരീതിയിൽ അവന്റെ ചെവിയിൽ പിടിച്ച് അവനെ തൂക്കിയെടുത്തു. കൈവിരലിലെ തകരഉറകൊണ്ട് തലയിൽ ഒന്ന് തട്ടുകയും ചെയ്തു.

''സാറേ പറഞ്ഞാട്ടെ... നീ എന്തിനാണ് ആ പാവം മൃഗത്തിന് മരുന്നു നൽകിയത്?''

''അവനോട് ദയ തോന്നിയിട്ടാണ്. അവന് ഒരു ആന്റി ഇല്ലല്ലോ?''

''ആന്റി ഇല്ലെന്നോ? എന്റെ ദൈവമേ... അതും മരുന്നുമായിട്ട് എന്താ ബന്ധം?''

''അതോ ഒരു ആന്റി ഉണ്ടായിരുന്നെങ്കിൽ അവർ തന്നെ അവനു മരുന്നു നൽകി പുകച്ച് ചാടിക്കുമായിരുന്നു. ഒരു മനുഷ്യജീവി ആയിരുന്നെങ്കിൽ കാണിക്കുന്നതിൽ കൂടുതൽ സ്നേഹം കാണിച്ച് അവനെ ചികിത്സിച്ച് ശരിയാക്കുമായിരുന്നു.''

പോളി ആന്റിക്ക് കുറ്റബോധം തോന്നി. കാര്യങ്ങൾ മറ്റൊരു രീതിയിലും കാണണം. പൂച്ചയോട് കാണിക്കുന്ന ക്രൂരത, ഒരു പാവം ആൺകുട്ടിയോടു കാണിച്ചാലും ക്രൂരത തന്നെയാണ്. അവർക്ക് സങ്കടം തോന്നി. കണ്ണുകളിൽ നേരിയ നനവ്. അവർ ദുഃഖത്തോടെ ടോമിനെ കെട്ടിപ്പിടിച്ചു.

''ടോം... ഞാൻ എല്ലാം നിന്റെ നന്മയ്ക്കുവേണ്ടി ചെയ്തതാണ്. അത് നിന്നെ ഉത്സാഹവാനാക്കിയില്ലേ?''

ടോമിന് ആശ്വാസമായി.

''എനിക്കറിയാം ആന്റി നല്ല ഉദ്ദേശത്തിൽ ചെയ്തതാണെന്ന്. ഞാനും പീറ്ററിനെ സഹായിച്ചതാണ്. അവനും ഉത്സാഹവാനായില്ലേ. ഇന്നുവരെ അവൻ ഇങ്ങനെ വട്ടം കറങ്ങുന്നത് ഞാൻ കണ്ടിട്ടില്ല.''

''ടോം... മതി... എന്നെ ദേഷ്യം പിടിപ്പിക്കരുത്. പോ... ഒരിക്കലെങ്കിലും ഒരു നല്ല കുട്ടിയാകാൻ കഴിയുമോ എന്ന് ശ്രമിച്ചുനോക്കൂ... അപ്പോൾ പിന്നെ ഒരിക്കലും മരുന്ന് കുടിക്കേണ്ടിവരില്ല.''

ടോം അന്ന് സ്കൂളിൽ നേരത്തെ എത്തി. അതൊരു പതിവുശീലമായി. എന്നിട്ട് കൂട്ടുകാരുമൊത്ത് കളിക്കുന്നതിനു പകരം, സ്കൂൾ ഗെയ്റ്റിനടുത്ത് പതുങ്ങി

അവൻ അവളുടെ സമീപത്തേക്ക് അവന്റെ പ്രകടനക്കളികൾ മാറ്റി. അവൻ കുറെ ആൺകുട്ടികൾക്കിടയിലൂടെ പാഞ്ഞ്, അവരെ ആട്ടിപ്പായിച്ച്, തറയിൽ കിടന്നുരുണ്ട് ഒരാളിന്റെ തൊപ്പിയെടുത്ത് മേൽക്കൂരയിലേക്കെറിഞ്ഞു. ഇതെല്ലാം അവളുടെ മൂക്കിനു കീഴിൽ നടന്നിട്ടും അവൾ ഒന്നും കാണാത്ത മട്ടിൽ തല ഉയർത്തിപ്പിടിച്ച് ഗമയോടെ നടന്നു. ടോമിന്റെ മുഖം അപമാനത്താൽ ചുവന്നു. ആകെ തകർന്ന അവൻ അവിടെ നിന്ന് ഓടിപ്പോയി.

നിൽക്കും. വർണപ്പകിട്ടുള്ള ഓരോ കുപ്പായവും നടന്നുവരുമ്പോൾ ടോം ആകാംക്ഷയോടെ നോക്കും. പക്ഷേ അവൻ പ്രതീക്ഷിച്ച വ്യക്തിയല്ല എന്ന് മനസ്സിലാക്കുമ്പോൾ അവരെ വെറുപ്പോടെ നോക്കും. അവസാനം നിറമുള്ള കുപ്പായങ്ങളുടെ വരവ് നിലച്ചപ്പോൾ അവൻ ക്ലാസിൽ കയറി, ദുഃഖഭാരത്തോടെ അവിടെ ഇരുന്നു.

അപ്പോൾ നിറമുള്ള ഒരു കുപ്പായം ഗെയിറ്റ് കടന്നു വന്നു. ടോമിന്റെ ഹൃദയം തുള്ളി. അടുത്ത നിമിഷം അവൻ ക്ലാസിൽ നിന്ന് പുറത്തിറങ്ങി, ആർത്തുവിളിച്ചും പൊട്ടിച്ചിരിച്ചും മറ്റുകുട്ടികളുടെ പിന്നാലെ ഓടിപ്പാഞ്ഞും വേലിചാടിക്കടന്നും തലയും കുത്തി നിന്നും, സകലവിധ വീരകൃത്യങ്ങൾ പ്രദർശിപ്പിക്കുകയും രഹസ്യമായി ബെക്കി താച്ചറിനെ നോക്കുകയും ചെയ്തു. പക്ഷേ അവൾ നോക്കിയതേയില്ല.



അവൻ അവളുടെ സമീപത്തേക്ക് അവന്റെ പ്രകടനക്കളികൾ മാറ്റി. അവൻ കുറെ ആൺകുട്ടികൾക്കിടയിലൂടെ പാഞ്ഞ്, അവരെ ആട്ടിപ്പായിച്ച്, തറയിൽ കിടന്നുരുണ്ട് ഒരാളിന്റെ തൊപ്പിയെടുത്ത് മേൽക്കൂരയിലേക്കെറിഞ്ഞു. ഇതെല്ലാം അവളുടെ മൂക്കിനു കീഴിൽ നടന്നിട്ടും അവൾ ഒന്നും കാണാത്ത മട്ടിൽ തല ഉയർത്തിപ്പിടിച്ച് ഗമയോടെ നടന്നു. അല്പം പുച്ഛത്തോടെ പറഞ്ഞു.

''ചില ആളുകളുടെ വിചാരം കുറെ വീരകൃത്യങ്ങൾ കാണിക്കുമ്പോൾ അവർ വലിയ മിടുക്കന്മാരാണെന്നാണ്.''

ടോമിന്റെ മുഖം അപമാനത്താൽ ചുവന്നു. ആകെ തകർന്ന അവൻ അവിടെ നിന്ന് ഓടിപ്പോയി.

(തുടരും)



വര: ആശ ആർ



# മിന്നികൾ

കെ എൻ സുരേഷ്കുമാർ

മിന്നികൾ മിന്നികൾ
മിന്നാമിനുങ്ങുകൾ
മുറ്റത്തെ മാവിലെ
തേൻതുള്ളികൾ

മാമല മുകളിലും
എൻ കൊച്ചു മുറിയിലും
മിന്നിത്തിളങ്ങുന്ന
പൊന്നുണ്ണികൾ

പോരിക പോരിക
കൊച്ചു താരങ്ങളേ
മണ്ണിന്റെ ചോരാത്ത
സൗരഭ്യമേ

ആരു തന്നൂ നിങ്ങൾ
ക്കീ വെട്ടമിങ്ങനെ
ആരു കണ്ടാലും
കൊതിച്ചു പോകും.

# ദശ പുഷ്പങ്ങൾ

"പൂവാം കുറുന്തൽ, തിരുതാളി
ഉഴിഞ്ഞ, വിഷ്ണുക്രാന്തി
നിലപ്പന, മുയൽച്ചെവി,
മുക്കുറ്റി, ദുർവ, ചെറുള,
കയ്യോന്നികളെന്നിതെല്ലാം
പത്തുള്ള പുഷ്പമിവ
ചൊല്ലത് കേൾപ്പൂ ഞാനും"

**വി യു രാധാകൃഷ്ണൻ**

മലയാളഭാഷയിലെ ഈ മനോഹര പദാവലിയിൽ ദശപുഷ്പങ്ങളുടെ പ്രാധാന്യവും പ്രസിദ്ധിയും പ്രതിബിംബിക്കുന്നു. കർക്കടകത്തിൽ മാത്രം പരിഗണിക്കേണ്ടവരല്ലിവർ. ഇവയോരോന്നും സമൂലം മരുന്നുകളാണ്. പല ആരാധനകളിലും അലങ്കാരങ്ങളിലും ഇവയുടെ സ്ഥാനം അതുല്യമാണ്. കർക്കിടകപ്പിറവിയിൽ പൂജാമുറികളിലെ പ്രത്യേകസ്ഥാനത്ത് പുള്ളി ചേമ്പിലയിൽ ഈ പത്തുപേരെയും വിളക്കുവെച്ച് ആരാധിക്കുന്നു. തിരുവാതിര നാളിൽ ഇവയോരൊന്നും ചൂടി കന്യകമാർ നൃത്തം വയ്ക്കുന്നു. ഔഷധഗുണങ്ങളുള്ള ഇവയുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ ആചാരങ്ങളിൽ ഇവയെ ഉൾപ്പെടുത്തിയ പൂർവികർക്ക് നന്ദിപറയാം. കേരള സംസ്കാരം മുന്നോട്ടുവയ്ക്കുന്ന ഈ ജൈവവൈവിധ്യത്തിന്റെ ഈ പത്തുകൂട്ടത്തെ ഇനി പരിചയപ്പെടാം. പക്ഷേ ഇവയുടെ സാന്നിധ്യത്തിന്റെ അവശേഷിപ്പ് ഇത്തിരിയേയുള്ളൂ എന്ന് ഓർമ വേണം. അതിനാൽ അടുത്തറിഞ്ഞുകഴിഞ്ഞാൽ ഇവയോരോന്നിനെയും നട്ടുവളർത്താൻ തുനിഞ്ഞിറങ്ങണം.






Photo : Georgios Souleidis

## പൂവാം കുറുന്തൽ

(Cyanthillium cinereum)

പൂവാം കുറുന്നില എന്നുവിളിച്ചുവരുന്നു. വയലറ്റ് നിറമുള്ള ചെറുപൂക്കൾചേർന്ന പൂങ്കുലയ്ക്ക് ഹെഡ് എന്നാണ് വിശേഷിപ്പിക്കുന്നത്. ഏകവർഷി ഓഷധി വിഭാഗത്തിൽവരുന്ന ഈ ചെടി നാടൻ മരുന്നുകളിൽ ഉപയോഗിച്ചുവരുന്നു. ഇലയും തണ്ടും ചതച്ചെടുത്ത് കൺമഷിയും സുറുമയും വരെ നിർമിക്കാറുണ്ട്.

# 2





Photo : J.M.Garg

## തിരുതാളി

(Ipomoea sepiaria)

സംസ്കൃതത്തിൽ ലക്ഷ്മണ എന്നാണ് പേര്. സമൂലം ഔഷധപ്രദംതന്നെ. വന്ധ്യത മാറ്റാനും ധാതുപുഷ്ടി കൂട്ടാനുമുള്ള മരുന്നായി ഉപയോഗിച്ചുവരുന്നു. പിങ്ക് നിറത്തിലുള്ള പൂക്കളുമായി ഇന്ത്യയിലെവിടെയും കണ്ടുവരുന്നു.

# 3

## ഉഴിഞ്ഞ

(Cardiospermum halicacabum)

കേരളത്തിലുടനീളം കാണാറുള്ള ഈ സസ്യം പടർപ്പുചെടിയാണ്. പനി ശമിക്കാനും വാതം മാറ്റാനുംവരെ കഴിവുണ്ട്. സംസ്കൃതത്തിൽ ഇന്ദ്രവല്ലിയെന്നു വിളിക്കും. ക്ഷേത്രാചാരങ്ങളിൽ നിവേദ്യം കൊണ്ടുവരുന്നേരം ഉഴിഞ്ഞ വള്ളി ചുറ്റി പാത്രത്തിനെ അണിയിക്കാറുണ്ട്.



Photo : H. Zell



Photo : J.M.Garg





4.

## വിഷ്ണുക്രാന്തി
(Evolvulus alsinoides)

ഈ ചെടിയെ കളപോലെയാണ് കണ്ടുവരാറെങ്കിലും ഒന്നാന്തരം ഔഷധമാണ്. കേശവർധിനി, വിഷഹാരിണി, രക്തവർധിനി എന്നൊക്കെ മറുപേരുകളുണ്ട്. പൂക്കൾക്ക് നീലനിറമാണ്. കൃഷ്ണകാന്തിയെന്നും മറുപേരുണ്ട്.

## കഞ്ഞുണ്ണി
(Eclipta alba)

കയ്യോന്നി, കയ്യൂണ്യം എന്നൊക്കെ വിളിച്ചുവരുന്ന ഈ ചെറുചെടി ഈർപ്പമുള്ള പ്രദേശങ്ങളിൽ വളരുന്നു. എണ്ണകാച്ചാനും മുടിയിൽ പുരട്ടാനും പഥ്യമായ ഔഷധഭാഗമാണിത്. കഞ്ഞുണ്യാദിതൈലം പ്രസിദ്ധമാണ്. മുടിയഴകിന് ഇത് ഉത്തമമായതിനാൽ കുന്തളവർധിനിയെന്നും ചെടിയെ സംബോധന ചെയ്തുവരുന്നു. വെളുത്ത പൂക്കളാണ്.



5

## നിലപ്പന
(Curculigo orchioides)

പനവൃക്ഷത്തിന്റെ ഇലകളോട് സാമ്യമുള്ള ഇലകളോടുകൂടിയ ഔഷധിയാണ്. ഏകവർഷിയായ ഈ ചെറുചെടി സർവാംഗവും മരുന്നാണ്. മൂലകാണ്ഡമായ കിഴങ്ങിന് പ്രത്യേക കഴിവുണ്ട്. ഹിന്ദിയിൽ മുസ്‌ലി എന്നു പേരുണ്ട്.

6





7

## മുയൽച്ചെവിയൻ

(Emilia sonchifolia)

മുയൽച്ചെവിയോട് സാദൃശ്യമുണ്ട് ഇലകൾക്ക്. പനിക്കും വിരകളെ തുരത്താനുമുള്ള ഔഷധമുണ്ടാക്കാൻ ഉപയോഗിച്ചുവരുന്നു. ചിത്രപചിത്ര, സംഭാരി എന്നൊക്കെ സംസ്കൃത നാമമുണ്ട്. തൊടികളിൽ സർവസാധാരണമായി കണ്ടുവരുന്നു.



8

Photo : pkgmohan




Photo : J. M. Garg

## മുക്കുറ്റി

(Biophytum sensitivum)

ഹോർത്തൂസ് മലബാറിക്കസിൽ മുറികൂട്ടിയെന്നാണ് പേരിട്ടിരിക്കുന്നത്. അതേ കഴിവുള്ളതിനാലാണ് ഈ പേരു കിട്ടിയത്. ജ്വരം, അതിസാരം ഇവ മാറ്റാൻ പ്രത്യേക കഴിവാണ്. കാഴ്ചഭംഗിയുള്ള ഘടനയും പീന പുഷ്പധാരിയുമാണ്. മുക്കുറ്റി ചാന്തൊരുക്കാൻ വിശേഷദ്രവ്യമാണ്.





## കറുക
(Cynodon dactylon)

ദൂർവ എന്നാണ് സംസ്കൃതനാമം. കറുക ഹോമത്തിലും മറ്റാചാരങ്ങളിലും ഒഴിവാക്കാനാകില്ല. പുൽത്തകിടി നിർമിക്കാനും ഉപയോഗിച്ചു വരുന്നുണ്ട്. തൃണവർഗസസ്യമായ കറുക നിലംപറ്റി വളരുന്നു. തണ്ടിന്റെ നിറമനുസരിച്ച് നീല, വെള്ള എന്നിങ്ങനെ രണ്ടിനമുണ്ട്.

## ചെറൂള
(Aerva lanata)

അരമീറ്ററോളം വരാവുന്ന ഈ ചെടിയുടെ ശരീരത്തിൽ ടാനിൻ എന്ന കറ ധാരാളമുണ്ട്. മൂത്രാശയക്കല്ലിനെ ഇല്ലാതാക്കാൻ കഴിവുണ്ട്. ശവസംസ്കാരച്ചടങ്ങുകളിൽ അവശ്യവസ്തുവാണ്. വെളുത്ത നിറമുള്ളതാണ് പൂങ്കുലകൾ.



Photo : J.M.Garg



ദശപുഷ്പമഹിമകൾ പറഞ്ഞാലൊടുങ്ങില്ല. പേരു പുഷ്പമെന്നാണെങ്കിലും ഇലയും തണ്ടും വേരും ഒക്കെയാണ് പ്രധാന ഉപയോഗഭാഗങ്ങൾ. കേരളഭൂമിയുടെ ഹരിതസംസ്കാരമാണ് ദശപുഷ്പ മഹിമകളിൽ പ്രതിഫലിക്കുന്നത്.

# രണ്ട് കുട്ടിക്കവിതകൾ



## ബാല്യം

**രമ**

എന്റെ ബാല്യത്തിൽ
എ കൈയാൽ തൊട്ടൊരു
കാറ്റാടികൾ, തുമ്പികൾ
തുമ്പപ്പൂക്കളിന്നുമുണ്ടല്ലോ-
പക്ഷേ, ഇന്നത് സെൽ-
ഫോണിന്റെ ചതുരക്കളത്തിലെ
വർണ വിസ്മയം!
ബാല്യമിന്നെത്ര മാറിപ്പോയി.

വര : സചീന്ദ്രൻ കാറഡുക്ക





## മഴയും പുഴയും

**ലതീഷ് കീഴല്ലൂർ**

മാനത്തമ്പിളിയെത്തുന്നു
മണ്ണിൽ നിലാവ് പരക്കുന്നു
കാർനിരയെങ്ങും ഒഴുകുന്നു
മണ്ണിൽ പുതുമഴ പൊഴിയുന്നു
മഴ പെയ്തപ്പോൾ വഴിയാകെ
വലിയൊരു പുഴയായൊഴുകുന്നു
പുഴവെള്ളത്തിൽ കടലാസിൻ
കളിവള്ളങ്ങൾ ഇളകുന്നു.

വര : സചീന്ദ്രൻ കാറഡുക്ക

കവിത

# ദശപുഷ്പ മുഖദർശനം


മീര പുഷ്പരാജൻ



ദശപുഷ്പങ്ങൾ മുളയ്ക്കും മുറ്റത്തുഞാൻ നോക്കുന്നേരം
*തിരുതാളിയെക്കാണാനില്ലെവിടെപ്പോയി!
അതിതരളിതമതിൻ കവിൾപ്പൂവുതൊടുന്നതാ-
മനുഭൂതിയൊരു വേളയറിഞ്ഞുപോയി.
അവിടെ നിന്നസുലഭമനുപമമൊരു നറു-
മണമെന്റെയറിവിൽ നിന്നുയർന്നിടുന്നു.

തിരിഞ്ഞു നടക്കുന്നേരമൊരു *മുയൽച്ചെവി തന്റെ,
ശ്രവണജാഗരൂകതയെറിഞ്ഞു തന്നു.
വെളുക്കെച്ചിരിയുതിർത്തിട്ടൊരു *പൂവാംകുരുന്നില-
യൊളികണ്ണെറിഞ്ഞിട്ടെന്നെ കൊളുത്തിനിന്നു.
നിറയെക്കുലച്ചു നിൽക്കുന്നൊരുകേരമരത്തിന്റെ
നിറവോടെ നിരന്നു *പൂമുക്കുറ്റികളും
ചെറുവയൽ വരമ്പിൽ നിന്നിവിടെ വിരുന്നുവന്ന
കറുമ്പിയാം *കയ്യോന്നിയും കുറുമ്പുകാട്ടി
ഉയരും പുകച്ചുരുൾ പോ*ലുഴിഞ്ഞകളിടവിട്ടു
പടരുവാൻ പ്രണയത്തോടൊരുങ്ങിനിന്നു
എളിമതൻ പുളകങ്ങൾ പുതച്ചു *നിലപ്പനകൾ
നിലപാടു തെളിയിച്ചു നിരന്നുനിന്നു
ഒരു ചെറുതപസ്വിയായ് വിഭൂതിയണിഞ്ഞുനിന്ന
*ചെറൂളയ്ക്കു ചെറിയൊരു മനമിളക്കം...
നിലംപറ്റി നീലച്ചേലയുടുത്തു മറഞ്ഞുനിന്നി-
ട്ടിളവെയിലിൽ തിളങ്ങും *വിഷ്ണുക്രാന്തികൾ.





പരിചൊടു പ്രതിഷേധമറിയിച്ചു*കറുകക-
ളരങ്ങുവാണിവിടങ്ങൾ നിറഞ്ഞു നിന്നു,
അവകളെയവഗണിച്ചിവിടങ്ങൾ തോറും നിന്നെ-
യളവറ്റുയിരുപോലെയറിഞ്ഞിരുന്നു.
ചെറുപ്പത്തിലുരച്ചെടുത്തിടതൂർന്ന മുടികളിൽ
പുരട്ടിയ പിണക്കങ്ങളിനിയുമുണ്ടോ?
ഇവിടെ ഞാനിരിപ്പുണ്ടെൻ തിരുതാളി വരുംവരെ,
എവിടെ നീയരുമയായൊളിഞ്ഞിരിപ്പൂ!

* *ദശപുഷ്പങ്ങൾ*




വര: സചീന്ദ്രൻ കാറഡുക്ക

# എന്തൊരു പ്രശ്നം !!


**പള്ളിയറ ശ്രീധരൻ**

നിങ്ങളുടെ കൈയിൽ ആയിരം രൂപ ഉണ്ടെന്നിരിക്കട്ടെ. അത് രണ്ടുപേർക്കോ, അഞ്ചുപേർക്കോ പത്തുപേർക്കോ, നൂറുപേർക്കോ തുല്യമായി ഭാഗിച്ച് നൽകാൻ കഴിയും. പക്ഷേ മൂന്നു പേർക്കോ, ആറു പേർക്കോ തുല്യമായി ഭാഗിച്ചു നൽകണമെന്നിരിക്കട്ടെ. സംഗതി കുഴയും. ഒരു കോടി രൂപയായാലും പ്രശ്നം തന്നെ.

ചില പ്രശ്നങ്ങൾ അങ്ങനെയാണ്. കേൾക്കുമ്പോൾ വളരെ നിസ്സാരമായിതോന്നും. ചെയ്തുനോക്കുമ്പോഴാണ് അതിന്റെ പ്രശ്നം അനുഭവപ്പെടുക. ഗണിതത്തിലുമുണ്ട് ഇത്തരം അനേകം പ്രശ്നങ്ങൾ. ജ്യാമിതി പഠിച്ചവർക്കൊക്കെ കോൺ (Angle) എന്താണെന്നറിയാമായിരിക്കും. ഈ കോണിനെ രണ്ടായോ നാലായോ ഭാഗിക്കാം. പക്ഷെ മൂന്നായി ഭാഗിക്കാൻ പറ്റില്ല! സഹസ്രാബ്ദങ്ങൾക്കുമുമ്പ് തന്നെ ഗണിതജ്ഞന്മാരെ കുഴക്കിയ പ്രശ്നമാണിത്.




ഡെലിയൻ പ്രശ്നം





ഇതുപോലെ പൗരാണികരെ കുഴക്കിയ മറ്റൊരു നിസ്സാരപ്രശ്നമാണ് ഒരു ക്യൂബിന്റെ ഇരട്ടി വ്യാപ്തമുള്ള മറ്റൊരു ക്യൂബിന്റെ നിർമ്മിതി. ഇതു സാധിക്കാത്തതു കാരണം പുരാതന അതീനിയൻമാർക്ക് ഒരുപാട് കഷ്ടപ്പെടേണ്ടിവന്നു! ഇത് ഡെലിയൻ പ്രശ്നം എന്നാണ് അറിയപ്പെടുന്നത്.

സംഭവിച്ചതിതാണ്. ആതൻസിലെ ജനങ്ങൾക്ക് ഒരു പകർച്ചവ്യാധി പിടിപ്പെട്ടു, പ്ലേഗ്. അപ്പോളോ ദേവന്റെ ശാപമാണ് ഈ പ്ലേഗിന് കാരണമായി ജനങ്ങൾ കണ്ടെത്തിയത്. പരിഭ്രാന്തരായ ജനങ്ങൾ ധാരാളം പ്രാർത്ഥനകൾ നടത്തി. അപ്പോളോ

ദേവന്റെ അൾത്താരയുടെ ഇരട്ടി വലിപ്പമുള്ള അൾത്താര നിർമ്മിച്ചാൽ ദേവൻ പ്രീതിപ്പെടുമെന്നും പ്ലേഗ് നശിക്കുമെന്നും അരുളപ്പാടുണ്ടായി.

അപ്പോളോ ദേവന്റെ അൾത്താര പൂർണ്ണമായ ക്യൂബാകൃതിയിലാണുള്ളത്. അതായത് നീളവും വീതിയും ഉയരവുമെല്ലാം തുല്യം. അവർ ക്യൂബിന്റെ നീളത്തിന്റെ നേരെ ഇരട്ടി നീളമുള്ള ഒരു ക്യൂബ് നിർമ്മിച്ചു. പക്ഷെ ദേവൻ പ്രസാദിച്ചില്ല. പിന്നീടാണ് കാര്യം മനസ്സിലായത്. അവർ നിർമ്മിച്ച അൾത്താരയ്ക്ക് അപ്പോളോ ദേവന്റെ അൾത്താരയുടെ എട്ട് മടങ്ങ് വ്യാപ്തമുണ്ട്. കാരണം ക്യൂബിന്റെ നീളവും വീതിയും ഉയരവും ഇരട്ടിക്കുമ്പോൾ വ്യാപ്തം 2 x 2 x 2 = 8 മടങ്ങാകും!!!



പ്ലാറ്റോ

ഇത് പരിഹരിക്കപ്പെടാത്ത പ്രശ്നമായി തുടർന്നു!പ്രശ്നം പ്ലാറ്റോവിന്റെ മുന്നിലെത്തി.

പ്ലാറ്റോ, അക്കാദമി എന്ന പേരിൽ ഒരു പഠനകേന്ദ്രം നടത്തുന്നുണ്ടെങ്കിലും ഗണിതത്തിൽ അദ്ദേഹം അത്ര പോരാ. പ്ലാറ്റോ പ്രശ്നം കണക്കിൽ മിടുക്കരായ യുഡോക്സ്, അർക്കൈറ്റാസ് എന്നിവരെ ഏൽപിച്ചു. അവർ യാന്ത്രികമായുള്ള ഒരു പരിഹാരം നിർദേശിച്ചെങ്കിലും ശുദ്ധജ്യാമിതി ഉപയോഗിച്ചുള്ള പരിഹാരം നിർദേശിക്കാൻ അവർക്കും സാധിച്ചില്ല. അങ്ങനെ പുരാതനകാലത്തു തന്നെ ശരിയായ ഉത്തരം കിട്ടാത്ത ഒരു പ്രശ്നമായി ഇത് അറിയപ്പെടാൻ തുടങ്ങി. പിന്നീട് ധാരാളം ഗണിതശാസ്ത്രജ്ഞർ ഈ പ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി ശ്രമിച്ചിട്ടുണ്ട്.

palliyarasreedharan@gmail.com

കവിത



# ആമ്പലിന്റെ ദുഃഖം

മനോജ് മണിയൂർ



വര: ബോബി എം പ്രഭ

ആമ്പൽപ്പൂവ് പറഞ്ഞു
കുഞ്ഞേ
ഞാനീ വയലിൻമാറിൽ വിരിഞ്ഞിടു-
മവസാനത്തെ പൂവാകാം
കുഞ്ഞിക്കണ്ണിനു കുളിരേകു-
ന്നോരവസാനത്തെ കണിയാകാം
കുന്നു തുരന്നും
വയലു നികന്നും
വികസനമോടി വരുന്നേരം
കറുത്ത പാതകൾ തന്നുടെയടിയിൽ
മണ്ണടരിന്നടിയിൽ
ഞെങ്ങിഞെരുങ്ങി
വിതുമ്പുകയാവാം
വയലിൻപൂങ്കണികൾ.

# മഹാഭാരതം

സുഗതകുമാരി

## പാർഥപ്രതിജ്ഞ (തുടർച്ച)

യുദ്ധമാരംഭിച്ചു. ശരങ്ങൾ തൂകിക്കൊണ്ടു പാഞ്ഞടുക്കുന്ന അർജുനന്റെ തേരിനെ ദ്രോണകർണാദികൾ തടഞ്ഞുനിർത്തി. തേരാളികളുടെ ശിരസ്സുകൾ വീണുരുണ്ടു തുടങ്ങി. പനങ്കായ്കൾ വീഴുന്ന ശബ്ദംപോലെ കേട്ടു തലകൾ വീഴുന്ന ശബ്ദം!..... ക്രുദ്ധനായ പാർഥൻ കാലാഗ്നിസമം കൗരവപ്പടയെ ദഹിപ്പിച്ചുതുടങ്ങി. നോക്കുന്നിടത്തെല്ലാം അർജുനനെക്കാണുന്നുവെന്ന് സംഭ്രമിച്ചു പോരാളികൾ പേടിച്ചുഴന്നു. ആനപ്പടകൾ ഉടഞ്ഞുമാറി, കുതിരപ്പടകൾ വീണുരുണ്ടു ചത്തു. പാർഥപരാക്രമം തടുക്കാൻ കോപിയായ ദുശ്ശാസനൻ മുന്നോട്ടിറങ്ങി ശരമാരി ചൊരിയുകയായി. ഗാണ്ഡീവധ്വനി ദിക്കെങ്ങും മുഴങ്ങിക്കേൾക്കായി. ആനപ്പുറത്തിരുന്നു പോരാടുന്ന സേനാനായകർ ബാണമേറ്റു മറിഞ്ഞുവീണ് ആനച്ചങ്ങലയിൽ തൂങ്ങിക്കിടന്നാടുന്നു. കബന്ധങ്ങൾ കൈയിൽ വാളുമായി നിവർന്നുനിന്നാടുന്നു. ചോരപ്പുഴയൊഴുകുന്നു. ശ്രുതായുസ്സും പടകളും മുന്നിലെത്തി തടഞ്ഞു. ഭയങ്കരമായ യുദ്ധം നടക്കുന്നതിനിടയിൽ ദ്രോണർ വീണ്ടും പുറകേയെത്തി പാർഥനെ ആക്രമിച്ചു. തീജ്വാലപോലെ അമ്പുകൾ വർഷിക്കുന്നതിനിടയിൽ ദ്രോണരയച്ച ദിവ്യാസ്ത്രങ്ങളെ തടഞ്ഞുകൊണ്ട് അർജുനൻ വീണ്ടും ഒഴിഞ്ഞുപോയി. എതിർത്ത രാജാക്കന്മാരെ എയ്ത് അകറ്റിക്കൊണ്ട് പാർഥസാരഥി തേരോടിച്ചു കയറി. ശ്രുതായുധൻ വീണു. സുദക്ഷിണൻ വീണു. അവരുടെ പടകൾ ക്രുദ്ധരായി അർജുനരഥത്തെ ചുഴന്നു യുദ്ധംതുടങ്ങി. വീരന്മാരും കുലീനന്മാരുമായ പടനായകന്മാർ ഞാൻ, ഞാനെന്നു മുന്നിട്ട് അർജുനനെ എതിർത്തു.

രാജാക്കന്മാരായ ശ്രുതായുസ്സും സോദരനായ അച്യുതായുസ്സും കീർത്തികൊതിച്ച് കഠിനയുദ്ധം ചെയ്തു. അവരുടെ ശൂലമേറ്റ പാർഥൻ ഒരുമാത്ര തളർന്ന് കൊടിമരക്കാൽ പിടിച്ചു നിന്നുപോയി. 'അർജുനൻ വീണു' എന്ന് ശത്രുസൈന്യം സിംഹനാദമുയർത്തി. മോഹംപൂണ്ട അർജുനനെ ശ്രീവാസുദേവൻ ആശ്വസിപ്പിച്ചുണർത്തി. ഉഗ്രരായ എതിരാളികളുടെ നേർക്ക് അർജുനൻ ഇന്ദ്രാസ്ത്രം പ്രയോഗിച്ചു. ആ രണ്ടു മഹാവീരന്മാരും ചുറ്റുംനിന്ന സേനാനികളും കൊടുങ്കാറ്റിൽ മാമരങ്ങൾപോലെ വീണുപോയി. അതുകണ്ട് അലറിക്കൊണ്ട് യവനന്മാർ, പാരദന്മാർ, മ്ലേച്ഛന്മാർ തുടങ്ങിയവരുടെ സേനാനിരകൾ പാഞ്ഞെത്തി അർജുനനോടേറ്റു. ഗാണ്ഡീവം തുള്ളുന്നതുപോലെ കാണപ്പെട്ടു. ഇടംവലം തിരിഞ്ഞ് അമ്പെയ്തെയ്ത് മുന്നോട്ടാഞ്ഞ വീരപാണ്ഡവനു ചുറ്റും ആയിരമായിരം സേനാനികൾ തലയറ്റ്, ഉടലറ്റ് വീണ് ചിതറിക്കിടന്നു. ചോര കടലുപോലെ തിരയടിച്ചൊഴുകി. ദുര്യോധനൻ ദ്രോണരോടു പരിഭവിച്ചു. 'ഗുരോ, അങ്ങയെ അതിക്രമിച്ചു കയറാൻ പാർഥനു സാധിക്കില്ലെന്നല്ലേ പറഞ്ഞത്! ഇതാ പാർഥൻ പെരുംപടയെയും അങ്ങയെയും കടന്നുപോയിരിക്കുന്നു. ഇതറിഞ്ഞെങ്കിൽ ഞാൻ ജയദ്രഥനെ സ്വഭവനത്തിൽ പോകാൻ അനുവദിച്ചേനെ. ഗുരോ കോപിക്കരുതേ, അങ്ങ് പാണ്ഡവരോടുള്ള

ശരവർഷത്താൽ സൂര്യൻ മറയുന്നു. ദുശ്ശാസനസൈന്യത്തെ കൊന്നൊടുക്കിയിട്ട് അർജുനൻ തേരോടിച്ചു ദ്രോണസവിധത്തിലെത്തി തൊഴുതപ്പോൾ ചിരിച്ചുകൊണ്ട് ആചാര്യൻ പറഞ്ഞു. 'പാർഥ, എന്നെക്കൊല്ലാതെ നിനക്കു ജയദ്രഥനെ കിട്ടില്ല.' അവർ തമ്മിൽ ഘോരസംഗരമുണ്ടായി. ദ്രോണർ കൂരമ്പുകൾ കൊണ്ട് പാർഥനെയും പാർഥസാരഥിയെയും നിരക്കെ മുറിവേൽപ്പിച്ചു. അദ്ദേഹത്തിന്റെ വില്ല് മിന്നൽപോലെ വളഞ്ഞും പുളഞ്ഞും കാണായി. ആ സംഗരമങ്ങനെ നീളവേ കൃഷ്ണൻ പറഞ്ഞു. 'പാർഥ, നീ ഇവിടെ പൊരുതിനിന്നാൽ പറ്റുകയില്ല. ജയദ്രഥനെ തേടുക.' പാർഥരഥം ദ്രോണരെ ഒന്നു വലംവെച്ചു പാഞ്ഞകന്നു. ദ്രോണർ പിറകേ വിളിച്ചുചോദിച്ചു 'അർജുന, നീ എവിടെപ്പോകുന്നു! യുദ്ധത്തിനിടയിൽ ശത്രുവിനെ വിട്ട് പോകുകയോ?'

അർജുനൻ പറഞ്ഞു. 'ഗുരോ അവിടുന്നെനിക്കു ശത്രുവല്ല. ഞാൻ അവിടുത്തെ ശിഷ്യനാണ്. പുത്രനെപ്പോലെയാണ്. ആരുണ്ടീ ഭൂമിയിൽ ആചാര്യനെ തോൽപ്പിക്കുവാൻ!'

പാർഥരഥത്തെ യുധാമന്യുവും കാംബോജനും

പ്രീതിയാൽ എന്നോട് അനീതി ചെയ്യുകയാണ്.'

ഇതുകേട്ട ദ്രോണർ പറഞ്ഞു. 'ദുര്യോധന, പാർഥന്റെ സാരഥി ആരെന്നു നീ മറക്കുന്നു. ആരെയും കടന്നുപോകാനാവും, ജയിക്കാനാവും അവരൊന്നിച്ചാൽ എന്നറിയുക. നിനക്കു ഞാനിതാ ദിവ്യകവചം തരുന്നു. ഇതിൽ പാർഥന്റെ ബാണങ്ങൾ തറയ്ക്കുകയില്ല. ചെല്ലൂ. യുദ്ധം ചെയ്യൂ.'

ആ ചട്ടയിട്ട് വർധിതവീര്യനായി മഹാസേനാസമേതം ദുര്യോധനൻ അർജുനന്റെ പിന്നാലെ ചെന്ന് എതിരിട്ടു. ഇരുസേനകളും തമ്മിൽ ഭയങ്കരമായ സങ്കുല യുദ്ധം നടന്നു. തീപിടിച്ച കാടുപോലെയായീ സൈന്യങ്ങൾ. ഭീമനെ ദുര്യോധനാനുജന്മാർ വളഞ്ഞു പോർചെയ്തു. യുധിഷ്ഠിരനും ശല്യരും തമ്മിൽ ഉഗ്രയുദ്ധം നടന്നു. ശകുനി നകുലനോടേറ്റു. അലംബുഷ രാക്ഷസൻ പാണ്ഡവപ്പടയെ തകർത്തു പാഞ്ഞു നടന്നു. വീരന്മാർ തെരുതെരെ വീണു. നിലവിളികളാൽ ദിക്കുകൾ മുഴങ്ങി. ചോര വീണുവീണ്

വര: ജയേന്ദ്രൻ



പാണ്ഡവാസ്ത്രങ്ങളേറ്റ് ശകുനി പിൻവാങ്ങി. മൂന്നു പന്തികളായി അണിചേർത്തിരുന്ന കൗരവസേന പേടിവിട്ടു പോരാടി. ദ്രോണരും സാത്യകിയുമായി ഘോരയുദ്ധമുണ്ടായി. അമ്പുകൾകൊണ്ടു വാനം മൂടുമാറ് അവർ പൊരുതി. പാമ്പിൻചീറ്റൽപോലെ ശരങ്ങൾ പായുന്ന സീൽക്കാരം എങ്ങും മുഴങ്ങി.

മണ്ണിളകിക്കലങ്ങി. കർണന്റെ അഗ്നിപോലുള്ള അസ്ത്രങ്ങൾ എല്ലാവരെയും ചുട്ടുകൊണ്ടു പാഞ്ഞടുത്തു.

പാണ്ഡവാസ്ത്രങ്ങളേറ്റ് ശകുനി പിൻവാങ്ങി. മൂന്നു പന്തികളായി അണിചേർത്തിരുന്ന കൗരവസേന പേടിവിട്ടു പോരാടി. ദ്രോണരും സാത്യകിയുമായി ഘോരയുദ്ധമുണ്ടായി. അമ്പുകൾകൊണ്ടു വാനം മൂടുമാറ് അവർ പൊരുതി. പാമ്പിൻ ചീറ്റൽപോലെ ശരങ്ങൾ പായുന്ന സീൽക്കാരം എങ്ങും മുഴങ്ങി. അസ്ത്രജ്ഞർ അയയ്ക്കുന്ന ദിവ്യാസ്ത്രങ്ങൾ മഴയായും തീയായും കാറ്റായും മാറി എതിരാളികളെ തപിപ്പിച്ചു. മൃത്യു പടക്കളത്തിൽ താണ്ഡവമാടി. പാർഥബാണം തറച്ച് വിന്ദൻ മരിച്ചു. അതുകണ്ടു ക്രോധമിയന്ന അനുവിന്ദൻ ശ്രീകൃഷ്ണന്റെ ചന്ദനതിലകമണിഞ്ഞ തിരുനെറ്റിമേൽ ആഞ്ഞടിച്ചു. ആറമ്പുകൾ തറച്ച് അവനും മറിഞ്ഞുവീണു മരിച്ചു. യുദ്ധം ഘോരതരമായി തുടരുകയാണ്. ഓടിത്തളർന്ന കുതിരകളെ നോക്കി അർജുനൻ പറഞ്ഞു. 'കൃഷ്ണ, നമ്മുടെ കുതിരകൾ തളർന്നുവല്ലോ. അവയ്ക്കു ജലം നൽകണം. ജയദ്രഥൻ ഇപ്പോഴും ദൂരത്താണ്.'

അർജുനൻ തേരിൽ നിന്നിറങ്ങി. അതുകണ്ട് ഇതാണവസരമെന്നു കരുതിയ കുരുക്കൾ തേരുകളാൽ വളഞ്ഞ് പാർഥനിൽ ശരങ്ങൾ ചൊരിഞ്ഞു. അർജുനൻ നിലത്തു നിന്നുകൊണ്ടുതന്നെ ഗാണ്ഡീവം ചുഴറ്റി അമ്പുകളെയ്ത് അവയെയെല്ലാം മുറിച്ച് അവരെ തടഞ്ഞുനിർത്തി. അപ്പോൾ പാർഥസാരഥി പറഞ്ഞു. 'പാർഥ, ജലം കൊടുക്കൂ, അശ്വങ്ങൾക്ക്!' ഉടൻ അമ്പു തൊടുത്ത് ഭൂമിയിലേക്ക് ആഞ്ഞു തറപ്പിച്ചുകൊണ്ട് അർജുനൻ ശരകൂടം തീർത്ത് അതിനെ ചുറ്റി മറച്ചു. അമ്പു തറച്ചിടം പിളർന്ന് ജലധാരയുണ്ടായി. നിറയെ ജലം തുളുമ്പിയൊഴുകുന്ന കൂപം. ശ്രീകൃഷ്ണൻ തേരിൽ നിന്നിറങ്ങി കുതിരകളെ അഴിച്ചു തലോടി കുളിപ്പിച്ച് വെള്ളംകൊടുത്ത് അമ്പുതറച്ചു മുറിഞ്ഞിടത്തെല്ലാം ഔഷധലേപനം ചെയ്ത് നോവും തളർച്ചയുമകറ്റി വീണ്ടും തേരിൽ ബന്ധിച്ചു. അത്രയും നേരം അർജുനൻ നിലത്തുനിന്ന് ചുറ്റും ശരമാരി പെയ്ത് ആരുമടുക്കാതെ കാത്തുനിന്ന ആ നില കണ്ട് ആകാശത്തു ദേവകൾ ഹർഷിച്ചു. ഭൂമിയിൽ സേനാഗണങ്ങൾ ജയാരവം മുഴക്കി. (തുടരും)

# ഇളംതളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## എന്റെ വിദ്യാലയം

**ഗായത്രി എസ് എ, ക്ലാസ് 5,**
**സെന്റ്മേരീസ് യു പി എസ് ആര്യങ്കാവ്**



ഒരിക്കലും പറഞ്ഞറിയിക്കാൻ കഴിയാത്ത മനോഹര ദൃശ്യങ്ങൾ ഈ പ്രകൃതിയിലുണ്ട്. പാടും പുഴകളും തോടും മോടികൂടും മലരണിക്കാടും. പച്ച വിരിപ്പ് വിരിച്ചതുപോലെ പുൽമേടുകൾ. അതിനിടയിൽ പല വർണങ്ങൾ വാരി വിതറുന്ന ചെറിയ ചെറിയ പൂക്കൾ. ഇതൊക്കെ പ്രകൃതിയെ വർണനാതീതമാക്കുന്നു. ഇളം കാറ്റടിക്കുമ്പോൾ മാടി വിളിക്കുന്ന തെങ്ങിൻത്തോപ്പുകൾ, മഞ്ഞുതുള്ളികൾ വീണ് മുത്തണിഞ്ഞ് നിൽക്കുന്ന വയലേലകൾ സൂര്യകിരണങ്ങളാൽ രത്നംപോലെ ശോഭിക്കുന്നു. കുന്നിൻമുകളിൽ നിന്നും പാറകളിൽ തട്ടിത്തട്ടി ഒഴുകുന്ന വെള്ളപ്പാച്ചിലുകൾ വെള്ളാരങ്കല്ലുകൾപോലെ ചിതറി വീഴുന്നു. ഇത് കേരളത്തിന്റെ ചെറിയൊരു വർണന. ഇതുപോലെയുള്ള ഭംഗിയാണ് എന്റെ സ്കൂളായ സെന്റ്മേരീസ് യു പി എസ് ആര്യങ്കാവിന്. വൻമരങ്ങൾ. അതിൽ പടർന്നുകയറി പൂത്തുലഞ്ഞ് നിൽക്കുന്ന വള്ളിപ്പടർപ്പുകൾ, മരങ്ങൾക്കിടയിലൂടെയുള്ള ഒഴുകുന്ന തോട്, മീൻ പിടിക്കാനെത്തുന്ന പൊൻമാൻ മീനെ കാത്ത് തോട്ടിലേക്ക് നോക്കി ഇരിക്കുന്ന കാഴ്ച കാണാൻ ബഹുരസമാണ്. മരങ്ങളിൽ ഊഞ്ഞാലാടി രസിക്കുന്ന കുട്ടിക്കുരങ്ങന്മാർ സ്കൂളിന്റെ മുൻവശത്തായുള്ള വിശാലമായ പരന്ന പാറ, പാറയുടെ മുകളിൽ കുട ചൂടിയ വൃക്ഷനിരകൾ. ആ തണലിലാണ് കുട്ടികളുടെ വിശ്രമതാവളം.



വര: ഗോപു പട്ടിത്തറ

പുലർച്ചേയുള്ള കിളികളുടെ കലപില ശബ്ദം ഏറെ മധുരമാണ്. കുട്ടിക്കുരങ്ങന്മാരുടെ വികൃതിയാണ് ഏറെ രസകരം. ഞങ്ങൾ അതുകണ്ട് ആസ്വദിക്കാറുണ്ട്. അവരുടെ ഭാവം കണ്ടാൽ സ്കൂൾ അവരുടേതാണെന്ന് തോന്നിപ്പോകും. വൻ മരങ്ങളും പൂക്കളും തോടും കുട്ടിക്കുരങ്ങന്മാരുടെ വികൃതിയും എല്ലാം കൊണ്ട് എന്റെ സ്കൂൾ ഗ്രാമീണ സൗന്ദര്യം നിലനിർത്തുന്നു എന്നു പറയാൻ എനിക്ക് അഭിമാനമുണ്ട്.

# ഈയാംപാറ്റകൾ

**ആര്യലക്ഷ്മി, ക്ലാസ് 6 ബി,**
**എൻ വി യു പി എസ്, വയല, അഞ്ചൽ**





ബസ്സിൽ നിന്നിറങ്ങുമ്പോൾ ശക്തമായ മഴയും കാറ്റുമുണ്ടായിരുന്നു. അടുത്തുള്ള കടത്തിണ്ണയിൽ കയറിനിന്നു. വെള്ളിയാഴ്ച ഉച്ച സമയമായതിനാൽ കടകളെല്ലാം അടഞ്ഞുകിടക്കുകയായിരുന്നു. വീട്ടിലേക്ക് സാധനങ്ങൾ വാങ്ങേണ്ടതുകൊണ്ട് കടതുറക്കുന്നതുവരെ കാത്തുനിൽക്കേണ്ടി വന്നു. റോഡിലൂടെ വാഹനങ്ങൾ ചീറിപ്പാഞ്ഞു. മഴ പെയ്തു നനഞ്ഞ മണ്ണിൽ നിന്ന് ഈയാംപാറ്റകൾ പറന്നുയർന്നുകൊണ്ടിരുന്നു. എന്റെ ശ്രദ്ധ അങ്ങോട്ടു പതിഞ്ഞു. ടാർ ചെയ്ത റോഡിന്റെ ഓരം പറ്റി ഒരു ചെമ്പോത്ത് (ഉപ്പൻ) വന്നിരുന്നു. അമിതമായി മുന്നിൽ കാണുന്ന ഈയലുകളെ ആക്രാന്തത്തോടെ അകത്താക്കിക്കൊണ്ടിരിക്കെ അറിയാതെ റോഡിലേക്ക് അൽപ്പം കയറി നിന്നതുകൊണ്ടോ എന്തോ അറിയില്ല നിർഭാഗ്യവശാൽ അതിവേഗത്തിൽ വന്ന ഒരു കാർ ആ പക്ഷിയുടെ ദേഹത്തൂടെ കയറിപ്പോയി. ആ ദാരുണമായ കാഴ്ച എന്നെ വല്ലാതെ വിഷമിപ്പിച്ചു.

ജീവനേതായാലും വിലപ്പെട്ടതല്ലേ. മനുഷ്യജീവനു മാത്രം വില കൽപ്പിക്കുന്നതിൽ ഒരർഥവുമില്ല. അല്ലെങ്കിലും മിണ്ടാപ്രാണികളുടെ കാര്യത്തിൽ ഒരു ചെറുവിരൽപോലും അനക്കാൻ ആരും ഇല്ലാതെ പോയല്ലോ എന്ന് ഒരു നിമിഷം ഞാൻ ഓർത്തുപോയി. മഴയെ വകവയ്ക്കാതെ ആ ചതഞ്ഞരഞ്ഞ പക്ഷിയുടെ മൃതശരീരം റോഡിൽ നിന്നും മാറ്റാൻ വേണ്ടി ഞാൻ അങ്ങോട്ടു ചെന്നു. ഒരു കമ്പെടുത്ത് മെല്ലെ ആ പക്ഷിയെ മാറ്റിയിട്ടു. വീണ്ടും ഞാൻ ആ കടത്തിണ്ണയിലേക്കു പോയി. ആ പക്ഷിയുടെ ഇണയായിരിക്കാം. മറ്റൊരു ഉപ്പൻ പക്ഷികൂടി ആ സംഭവസ്ഥലത്തിന് അടുത്തെത്തി. 'ഉപ്പ്... ഉപ്പ്... ഉപ്പ്...' എന്ന് ഉറക്കെ ഒച്ചവച്ചുകൊണ്ടിരുന്നു. പാവം പക്ഷി. വല്ലാത്തൊരു അവസ്ഥയിലായിരുന്നു ഞാനപ്പോൾ. മരണം അടുത്തുവെന്ന് ഒരിക്കലും ആ പക്ഷി ഓർത്തിരിക്കില്ല. എല്ലാം ഞൊടിയിടയിൽ സംഭവിച്ചു. അൽപ്പം വേഗത കുറച്ച് വണ്ടി ഓടിച്ചിരുന്നെങ്കിൽ ആ വിലപ്പെട്ട ജീവൻ നഷ്ടപ്പെടില്ലായിരുന്നു.

ഇവിടെയും അശ്രദ്ധ തന്നെയാണ് വില്ലൻ. റോഡ്... സ്വന്തം തറവാട്സ്വത്താണെന്നു ധരിച്ചിരിക്കുന്ന കൂട്ടത്തിലാവും ആ ഡ്രൈവറും എന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. വാഹനത്തിന്റെ ചക്രത്തിൽ രക്തം പുരളുന്നത് ഒരു ഡ്രൈവറും ഇഷ്ടപ്പെടാറില്ല എന്നുപറയാറുണ്ട്.


ഒരുപക്ഷേ ഇതെല്ലാം നേരിൽ കണ്ട എന്റെ മാനസികാവസ്ഥ ആ ഡ്രൈവർക്ക് പറയാനാവില്ല. അതുമല്ലെങ്കിൽ ആ ഡ്രൈവറും സങ്കടപ്പെട്ടിരിക്കാം. പറ്റിയ കൈപ്പിഴയോർത്ത് വിഷമിക്കുന്നുണ്ടാവാം. അത് ഞാൻ അറിയണമെന്നില്ലല്ലോ.

ചതഞ്ഞരഞ്ഞ് പാതവക്കിൽ കിടക്കുന്ന പക്ഷിയുടെ മൃതദേഹം കൊത്തിവലിക്കാൻ എവിടെനിന്നോ കുറേ കാക്കകൾ വന്നു വട്ടമിട്ടിരുന്നു. അപ്പോഴേക്കും കട തുറക്കാൻ കടക്കാരൻ വന്നു. സമയം ഏറെ വൈകിയിരുന്നു. സാധനങ്ങൾ വാങ്ങി പുറത്തിറങ്ങുമ്പോൾ മഴ അൽപ്പം ശമിച്ചിരുന്നു. പുതിയൊരു ലോകം കണ്ട സന്തോഷത്തോടെ അപ്പോഴും ഈയലുകൾ പറന്നുകൊണ്ടിരുന്നു.

# ബാലസാഹിത്യ പുരസ്കാരങ്ങൾ – 2019

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2019ലെ ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. 2016,17,18 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച ബാലസാഹിത്യ പുസ്തകങ്ങളാണ് പുരസ്കാരത്തിനായി പരിഗണിച്ചത്. 20,000/- രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**

## ബാലസാഹിത്യ രംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സി ജി ശാന്തകുമാർ പുരസ്കാരം പി പി കെ പൊതുവാളിന്




ബാലസാഹിത്യ രംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സി ജി ശാന്തകുമാർ പുരസ്കാരത്തിന് പ്രശസ്ത ബാലസാഹിത്യകാരനായ ശ്രീ. പി പി കെ പൊതുവാൾ അർഹനായി. 60,001/- രൂപയും ഫലകവും പ്രശസ്തിപത്രവും ചേരുന്നതാണ് സമഗ്രസംഭാവനാപുരസ്കാരം. ശ്രീ. പെരുമ്പടവം ശ്രീധരൻ, ഡോ. ജോർജ്ജ് ഓണക്കൂർ, പ്രൊഫ വി മധുസൂദനൻ നായർ എന്നിവർ അടങ്ങിയ സമിതിയാണ് പുരസ്കാരം നിർണയിച്ചത്.



## മറ്റു പുരസ്കാരങ്ങൾ

കഥ/നോവൽ



**കലവൂർ രവികുമാർ**
(ചൈനീസ് ബോയ്)

കവിത



**ഡോ. എസ് രാജശേഖരൻ**
(കിങ്ങിണിത്തുമ്പി)

നാടകം



**ഷേർളി സോമസുന്ദരൻ**
(ചിപ്കോ ചിപ്കോ)

ജീവചരിത്രം



**രാജു കാട്ടുപുനം**
(പണ്ഡിറ്റ് കെ പി കറുപ്പൻ)

വൈജ്ഞാനികം



**ഡോ. കെ എൻ ഗണേഷ്**
(ചരിത്രം ഉണ്ടാകുന്നത്)

ശാസ്ത്രം



**ഉണ്ണി അമ്മയമ്പലം**
(സൂക്ഷ്മജീവി സൂപ്പർജീവി)

പുനരാഖ്യാനം



**ജ്യോതി കെ ജി**
(ഐതിഹ്യമാല കുട്ടികൾക്ക്)

ചിത്രീകരണം



**രാജീവ് എൻ ടി**
(മൂങ്ങാച്ചിക്കുഞ്ഞ്)

ചിത്രപുസ്തകം



**ഗോപു പട്ടിത്തറ**
(അമലൂന്റെ ആകാശം)

പ്രൊഡക്ഷൻ



**രാജേഷ് ചാലോട്**
(മഴവില്ല്)

# അക്ഷരനിറവ് 2020
## വിവിധ സ്കൂളുകളിൽ



ആനാട് എസ് എൻ വി എച്ച് എസിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബി ബിജു ഉദ്ഘാടനം ചെയ്യുന്നു.



കാർമൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂൾ ഡയറക്ടർ റവ. സിസ്റ്റർ റെനീറ്റ ഉദ്ഘാടനം ചെയ്യുന്നു.



കവടിയാർ ക്രൈസ്റ്റ് നഗർ സ്കൂളിൽ എഴുത്തുകാരൻ ശ്രീ ബൈജു ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.



കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു.



ഫോർട്ട് മിഷൻ ഗേൾസ് എച്ച് എസ് എസിൽ തിരുവനന്തപുരം ഡി ഡിയും എഴുത്തുകാരനുമായ ശ്രീ മനോജ് മണിയൂർ ഉദ്ഘാടനം ചെയ്യുന്നു.





ഹോളി ഏയ്ഞ്ചൽസ് കോൺവെന്റിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു.



കൊടുങ്ങാനൂർ ഭാരതീയ വിദ്യാഭവനിൽ ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതി അംഗം ശ്രീ ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.



നെടുമങ്ങാട് ഗേൾസ് എച്ച് എസ് എസിൽ നെടുമങ്ങാട് മുനിസിപ്പൽ ചെയർമാൻ ശ്രീ ചെറ്റച്ചൽ സഹദേവൻ ഉദ്ഘാടനം ചെയ്യുന്നു.



പനവൂർ പി എച്ച് എം കെ എം വി എച്ച് എസ് എസിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ എസ് വി കിഷോർ ഉദ്ഘാടനം ചെയ്യുന്നു.





പേരൂർക്കട ഗവ. ജി എച്ച് എസ് എസിൽ വാർഡ് കൗൺസിലർ ശ്രീ അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.



സർവോദയ സി ബി എസ് ഇ സ്കൂളിൽ സയൻസ് ആന്റ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ പ്രൊഫ. ജോർജ് വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.



സർവോദയ ഐ സി എസ് സി സ്കൂളിൽ മാർ ഇവാനിയോസ് കോളജിലെ ഇംഗ്ലീഷ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി മീനു ജോസ് ഉദ്ഘാടനം ചെയ്യുന്നു.



നാലാഞ്ചിറ സെന്റ് ജോൺസ് സ്കൂളിൽ എഴുത്തുകാരൻ ശ്രീ ശ്രീജിത്ത് പെരുന്തച്ചൻ ഉദ്ഘാടനം ചെയ്യുന്നു.






വിതുര ഗവ. വി എച്ച് എസിൽ സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ വി കെ മധു ഉദ്ഘാടനം ചെയ്യുന്നു.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.



**ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല ടീച്ചറെ 222 പുസ്തകങ്ങൾ ഏല്പിക്കുന്നു.**

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിൽ കഴിയുന്ന ജനതയുടെ ശാക്തീകരണവും സർവതോന്മുഖവുമായ പുരോഗതിയുമാണ് സാക്ഷരത തുടർവിദ്യാഭ്യാസ പരിപാടിയിലൂടെ സാക്ഷരതാമിഷൻ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് വിദ്യാഭ്യാസപ്രവർത്തനം മാത്രം മതിയാവില്ല. ഈ വിഭാഗത്തെ സാമ്പത്തികമായും സാംസ്ക്കാരികമായും ഉയർത്തുന്നതിനാവശ്യമായ പരിപാടികൾ സാക്ഷരത തുടർവിദ്യാഭ്യാസ പ്രവർത്തനത്തിന്റെ അവിഭാജ്യഘടകമാകണം. അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിനായി സംസ്ഥാന സാക്ഷരതാമിഷൻ ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. സംസ്ഥാന സാക്ഷരതാമിഷൻ ആസ്ഥാന മന്ദിരത്തിൽ ആരംഭിക്കുന്ന ഇ കെ നായനാർ സ്മാരക ലൈബ്രറിയിലേക്ക് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 222 പുസ്തകങ്ങൾ നൽകി. സാമ്പത്തിക പരാധീനത മൂലം സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയ കുട്ടികളെയും മറ്റു നവസാക്ഷരരെയെയും വായനയുടെ ലോകത്തേക്ക് എത്തിക്കുവാനുള്ള ഈ പദ്ധതിയിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും ഭാഗമാവുകയാണ്.

കേരള സംസ്ഥാന ബാലാവകാശകമ്മീഷൻ ആദിവാസി മേഖലകളിൽ നടത്തിവരുന്ന പദ്ധതിയാണ് 'ഊരുണർത്തൽ'. ഈ പരിപാടിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ പഞ്ചായത്തിലെ വില്ലുമല, ചെറുകര, കല്ലുപച്ച, കുഴവിയോഗ്, ചെറുവഴിക്കല എന്നീ അഞ്ച് ആദിവാസി ഊരുകളിൽ കുട്ടികൾക്കായി ഗ്രന്ഥശാലകൾ തുടങ്ങുന്നതിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ പകുതിവിലയ്ക്ക് നൽകി ബാലാവകാശ കമ്മിഷനുമായി സഹകരിച്ചു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 March 2020
Regd KL/TV (N)/399/2018-2020 Published on 29-02-2020 Vol:26, Issue:03, ₹20

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം
സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




തളിര്
കുട്ടികളുടെ മാസിക
വില 20രൂപ

വാർഷികവരിസംഖ്യ 200രൂപ
വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.